# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 നവംബർ 23 | ദീപം 56 | നാളം 37 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

# കണ്ണു കാണാത്ത സർക്കാർ

# കർഷകനിലവിളി ബധിരകർണങ്ങളിൽ



സിൽജി ജെ. ടോം

നിലമുഴുതു വിത്തിട്ടു കൃഷി ചെയ്തു ജീവിക്കുന്ന കർഷക സമൂഹവും ചെറുജോലികളിലൂടെ ജീവിതം തള്ളിനീക്കുന്ന സാധാരണക്കാരുമെല്ലാം അതിജീവനപ്രതിസന്ധി നേരിടുന്ന നാളുകളിലൂടെയാണ് നാടും രാജ്യവും കടന്നുപോകുന്നത്. ഉത്പാദനച്ചെലവിനും അധ്വാനത്തിനുമനുസരിച്ചു പ്രതിഫലം ലഭിക്കാതിരിക്കുന്നതും നട്ടുനനച്ചുണ്ടാക്കുന്ന വിളകൾ നശിപ്പിക്കുന്ന വന്യമൃഗങ്ങൾക്കു മുന്നിൽ നിസ്സഹായതയോടെ നിൽക്കേണ്ടിവരുന്നതുമൊക്കെ ഇന്നു നമ്മുടെ നാട്ടിലെ കർഷകർ നേരിടുന്ന പ്രതിസന്ധികളാണ്. ഇതിനിടയിലാണ് ബാങ്കുകൾ വായ്പ നിഷേധിച്ചതിനെത്തുടർന്നുള്ള നിസ്സഹായരായ മനുഷ്യരുടെ ആത്മഹത്യകൾ സംസ്ഥാനത്ത് ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. കൃഷിക്കു ബാങ്ക്‌വായ്പ നിഷേധിച്ചതിലുണ്ടായ വിഷമത്തിൽ ആലപ്പുഴയിലെ തകഴിയിൽ പ്രസാദ് എന്ന കർഷകൻ ആത്മഹത്യ ചെയ്തതു കഴിഞ്ഞദിവസമാണ്. തൊട്ടടുത്ത ദിവസംതന്നെ 'ജീവിതത്തിൽ പരാജയപ്പെട്ടവനു ജീവിക്കാൻ അർഹതയില്ല; അതുകൊണ്ടു ഞാൻ പോകുന്നു' എന്നെഴുതിവച്ച് പത്തനംതിട്ട ഓമല്ലൂർസ്വദേശി ഗോപി എന്ന എഴുപത്തിമൂന്നുവയസ്സുള്ള ലോട്ടറിക്കച്ചവടക്കാരനും ആത്മഹത്യ ചെയ്തു.

പി.ആർ.എസ്. കുടിശ്ശിക കൃഷിക്കാരെ ബാധിക്കില്ലെന്നു കൃഷിമന്ത്രി പി. പ്രസാദും സർക്കാരും ആവർത്തിച്ചു പറയുന്നുണ്ടെങ്കിലും കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട് കർഷക ആത്മഹത്യകൾ ആവർത്തിക്കുന്ന സാഹചര്യമാണുള്ളത്. ആലപ്പുഴയിൽ ആത്മഹത്യ ചെയ്ത പ്രസാദിനു വായ്പ കിട്ടാൻ തടസ്സമായത് പി.ആർ.എസ്.വായ്പയല്ല എന്നു സർക്കാർ പറയുന്നു. പക്ഷേ, പി. ആർഎസ്. വായ്പയും മറ്റു വായ്പകൾക്കു തടസ്സമായി സിബിൽ സ്കോറിൽ പ്രതിഫലിക്കുമെന്നു ബാങ്കുകൾ ചൂണ്ടിക്കാട്ടുന്നുണ്ട്. നെല്ലിന്റെ വില കർഷകർക്കു നേരിട്ടു നൽകാതെ ബാങ്കുവായ്പയായി നൽകുന്ന സർക്കാർരീതിയാണ് ഇപ്പോൾ പ്രശ്നമായിരിക്കുന്നതെന്ന പരാതികളേറെയാണ്. സംഭരിച്ച നെല്ലിന്റെ വില ബാങ്കുവായ്പയായി വാങ്ങേണ്ടിവരുന്ന അവസ്ഥയാണു പ്രശ്നങ്ങളുണ്ടാക്കുന്നത്. അതു സർക്കാർ യഥാസമയം തിരിച്ചടച്ചില്ലെങ്കിൽ പ്രതിസ്ഥാനത്തു വരുന്നത് കർഷകരാണ്. കുടിശ്ശികക്കാരനു വായ്പ കിട്ടാത്ത സാഹചര്യമുണ്ടാവും. പാടത്തു പണി ചെയ്തു വിളവുണ്ടാക്കിയ കർഷകനാണോ അയാളുടെ നെല്ലു വാങ്ങി വിലയ്ക്കു പകരം വായ്പ തരപ്പെടുത്തിക്കൊടുത്തു തിരിച്ചടവു മുടക്കുന്ന സർക്കാരാണോ കുറ്റക്കാരനെന്നതാണ് ഉയരുന്ന ചോദ്യം. നെല്ലു സംഭരിച്ച പണം വായ്പയായി ബാങ്കുവഴി നൽകുന്നതു കർഷകരെ കെണിയിലാക്കുമെന്നു കർഷകരും സംഘടനകളും കോടതിയുമൊക്കെ പറഞ്ഞതും ഓർമിപ്പിച്ചതുമാണ്. തന്റെ മരണത്തിനു കാരണം ബാങ്കുകളും സർക്കാരുമാണെന്നു പ്രസാദ് പറഞ്ഞത് സർക്കാരിനെ പ്രതിക്കൂട്ടിലാക്കുകയാണ്.

കർഷകർ വലിയ ബുദ്ധിമുട്ടു നേരിടുമ്പോൾ സർക്കാർ ആഘോഷങ്ങളുടെ പേരിൽ പണം ധൂർത്തടിക്കുകയാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കുറ്റപ്പെടുത്തുന്ന സാഹചര്യവുമുണ്ടായി. പെൻഷൻ ലഭിക്കാതെ പലരും കഷ്ടപ്പെടുകയാണ്. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകൾക്കു വൻതുക ചെലവിടുന്നു. ആഘോഷങ്ങൾക്കായി പണം ധൂർത്തടിക്കുന്നു. പാവപ്പെട്ട കർഷകനും സ്ത്രീകളും ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇത്. കടക്കെണിമൂലം കർഷക ആത്മഹത്യകൾ ആവർത്തിച്ചിട്ടും പരിഹാരം കാണാനുള്ള നടപടിയില്ല. നെല്ലിന്റെ വിലയായി ലഭിക്കേണ്ട കേന്ദ്രവിഹിതം സംസ്ഥാനത്തിനു നൽകിയെന്നാണു മനസ്സിലാക്കുന്നത്. എന്നിട്ടും കർഷകന് എന്തുകൊണ്ട് പണം ലഭിച്ചില്ലെന്നതു പരിശോധിക്കണം. സംസ്ഥാന സർക്കാരാണോ ഇക്കാര്യത്തിൽ കുറ്റക്കാരെന്ന് ഇപ്പോൾ പറയുന്നില്ല. എന്നിരുന്നാലും, സംസ്ഥാനസർക്കാർ ആഘോഷങ്ങളുടെ പേരിൽ ധൂർത്തടിക്കുമ്പോൾ കർഷകരടക്കം ബുദ്ധിമുട്ടുകയാണെന്നും ഗവർണർ പറഞ്ഞു.

കടുത്ത സാമ്പത്തികപ്രതിസന്ധിയിലും സർക്കാർ കോടികൾ വാരിയെറിഞ്ഞ് 'കേരളീയം'പോലുള്ള ധൂർത്തുകൾക്കു പിന്നാലെ പോകുമ്പോൾ സാധാരണജനം ജീവിതം കൂട്ടിമുട്ടിക്കാൻ നെട്ടോട്ടമോടുകയാണ്.

ലൈഫ്പദ്ധതിയിൽ ലഭിച്ച വീടിന്റെ പണി പൂർത്തിയാക്കാൻ പണം ലഭിക്കാത്ത വിഷമത്തിലായിരുന്നു ഓമല്ലൂരിൽനിന്നുള്ള ഗോപിയുടെ ആത്മഹത്യ. സർക്കാരിന്റെ സ്വപ്നപദ്ധതി എന്നറിയപ്പെടുന്ന ലൈഫ് പദ്ധതിയിൽ പണമില്ലാത്തതുകൊണ്ട് 1.25 ലക്ഷം വീടുകളുടെ പണി മുടങ്ങിക്കിടക്കുകയാണെന്നാണ് അറിയുന്നത്. ജീവനൊടുക്കിയ ഗോപി ഉൾപ്പെടുന്ന ഓമല്ലൂർ പഞ്ചായത്തിൽമാത്രം 35 വീടുകളുടെ പണി പൂർത്തിയാക്കാനുണ്ട്. മിക്ക പഞ്ചായത്തുകളുടെയും സ്ഥിതി ഇതുതന്നെയാണ്.

കുട്ടനാട്ടിൽമാത്രം അടുത്തനാളുകളിൽ രണ്ടു കർഷകർ ജീവനൊടുക്കിയെന്നത് ഗൗരവമേറിയ പ്രശ്നമാണ്. നെല്ലുവില പൂർണമായി കിട്ടാത്തതു മൂലമുള്ള സാമ്പത്തികപ്രതിസന്ധിയിൽ മനംനൊന്ത് അമ്പലപ്പുഴ സ്വദേശിയായ കെ.ആർ. രാജപ്പൻ എന്ന എൺപത്തെട്ടുകാരൻ ഇക്കഴിഞ്ഞ സെപ്റ്റംബറിലാണു ജീവനൊടുക്കിയത്. കർഷകനെ ചേർത്തുനിറുത്തുന്ന സമീപനമാണു സ്വീകരിക്കുന്നതെന്നും പി.ആർ.എസ്. കുടിശ്ശിക കൃഷിക്കാരെ ബാധിക്കില്ലെന്നും സർക്കാരും കൃഷിമന്ത്രിയും ആവർത്തിച്ചു പറയുന്നതിനിടയിലും എന്തുകൊണ്ടു കർഷകർ ആത്മഹത്യ ചെയ്യുന്നു എന്ന വിഷയം കാണാതിരിക്കാനാവില്ല.

▶10



# ക്രിസ്തീയദൗത്യവും ജീവിതവും പ്രാദേശികസഭയിലും സമൂഹത്തിലും

**നവംബർ 21, 22, 23 തീയതികളിൽ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന മൂന്നാമത് പാലാ രൂപത എപ്പാർക്കിയൽ അസംബ്ലിയുടെ പശ്ചാത്തലത്തിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പുറപ്പെടുവിച്ച ഇടയലേഖനത്തിൽനിന്ന്:**



മാർ ജോസഫ് കല്ലറങ്ങാട്ട്

**പാ**ലാ രൂപതയുടെ മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി നവംബർ 21, 22, 23 തീയതികളിൽ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടക്കുകയാണ്. പാലാ രൂപതയുടെ പ്രഥമാധ്യക്ഷനായിരുന്ന മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ ഓർമദിനമായ നവംബർ 21 നാണ് അസംബ്ലി ആരംഭിക്കുന്നത്. രൂപതയെ സംബന്ധിച്ചിടത്തോളം ചരിത്രപ്രാധാന്യമുള്ള ഒരു കൂടിവരവാണ് അസംബ്ലി. രൂപതാംഗങ്ങളെല്ലാവരുടെയും സ്വരം കേൾക്കാനുള്ള അവസരമാണിത്. പൗരസ്ത്യകാനൻനിയമപ്രകാരം രൂപതയിലെ വിവിധ ശുശ്രൂഷാമേഖലകളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട അല്മായരും സമർപ്പിതരും വൈദികരും രൂപതയിലെ ദൈവജനത്തെ മുഴുവൻ പ്രതിനിധാനം ചെയ്തുകൊണ്ട് ഈ അസംബ്ലിയിൽ പങ്കെടുക്കുന്നു. ആകെ 237 അംഗങ്ങളാണ് സമ്മേളനത്തിൽ സംബന്ധിക്കുന്നത്. രൂപത അതിന്റെ പ്ലാറ്റിനം ജൂബിലിയിലേക്കു പ്രവേശിക്കുന്ന ഈ സന്ദർഭത്തിൽ ഈ അസംബ്ലിക്ക് സവിശേഷമായ പ്രാധാന്യവുമുണ്ട്. സ്നേഹനിധിയായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് തന്റെ മേലധ്യക്ഷശുശ്രൂഷകളുടെ 50 വർഷങ്ങൾ പൂർത്തിയാക്കിയ വർഷവുമാണല്ലോ ഇത്.

'ക്രിസ്തീയദൗത്യവും ജീവിതവും പ്രാദേശികസഭയിലും സമൂഹത്തിലും' എന്നതാണ് മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിയുടെ വിഷയം. എല്ലാ ഇടവകകളിലും സന്ന്യാസഭവനങ്ങളിലും രൂപതയുടെ ഇതരസ്ഥാപനങ്ങളിലും സംഘടനകളിലും 2023 ജൂലൈമാസം പഠനത്തിനും ചർച്ചയ്ക്കുമായി നൽകിയ മാർഗരേഖയുടെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ വിലയിരുത്തലുകളും പ്രായോഗിക നിർദേശങ്ങളുമടങ്ങിയ റിപ്പോർട്ടുകൾ ബന്ധപ്പെട്ട കോർകമ്മിറ്റി സസൂക്ഷ്മം ക്രോഡീകരിച്ചു തയ്യാറാക്കിയതാണ് അസംബ്ലിയിൽ ചർച്ച ചെയ്യുന്ന വിഷയാവതരണരേഖ. ക്രിയാത്മകമായ ചർച്ചകൾ നടത്തി ക്രിസ്തീയദൗത്യം സഭയിലും സമൂഹത്തിലും ഏറ്റവും ഫലപ്രദമായ രീതിയിൽ നിർവഹിക്കുന്നതിനുള്ള കർമ്മപദ്ധതികൾക്കു രൂപം കൊടുക്കുക എന്നതാണ് അസംബ്ലിയിൽ പങ്കെടുക്കുന്നവരുടെ ദൈവികമായ നിയോഗം. അസംബ്ലിയിലെ ചർച്ചകളുടെ വെളിച്ചത്തിൽ പുതിയ കർമപദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതും 2024 ജനുവരിമുതൽ രൂപതയിൽ നടപ്പാക്കുന്നതുമാണ്.

ഒക്ടോബർ 24 ന് അവസാനിച്ച മെത്രാന്മാരുടെ പതിനാറാമതു സിനഡിൽ പരിശുദ്ധ ത്രിത്വത്തിലും വിശുദ്ധ കുർബാനയിലും അധിഷ്ഠിതമായ സ്നേഹമാണ് അടിസ്ഥാനകാര്യമെന്നു പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഊന്നിപ്പറയുന്നു. കഴിഞ്ഞവർഷം പരിശുദ്ധ പിതാവ് പറഞ്ഞിരുന്നു; സിനഡുകളുടെ (അസംബ്ലികളുടെ) ലക്ഷ്യം പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കയല്ല; മറിച്ച്, സ്വപ്നങ്ങൾ മെനഞ്ഞെടുക്കുക, പ്രവചനങ്ങളും കാഴ്ചപ്പാടുകളും രൂപീകരിക്കുക, പ്രത്യാശ വളരാൻ അനുവദിക്കുക, പരസ്പരവിശ്വാസം ഉറപ്പുവരുത്തുക, മുറിവുകൾ സൗഖ്യമാക്കുക, ബന്ധങ്ങൾ ആഴപ്പെടുത്തുക, പരസ്പരം പഠിക്കുക, എല്ലാവരുടെയും മനസ്സും ഹൃദയവും ബലപ്പെടുത്താൻവേണ്ട ശക്തിസ്രോതസ്സുകൾ നൽകുക, നമ്മുടെ കരങ്ങളെ ബലപ്പെടുത്തുക എന്നതാണ്. തർക്കിക്കുകയല്ല, പരസ്പരം ശ്രവിക്കുകയാണു വേണ്ടത് എന്നാണ് പരിശുദ്ധ പിതാവു പഠിപ്പിക്കുന്ന അടിസ്ഥാനവേദപാഠം. വിശ്വാസികളുടെ പൊതു അഭിപ്രായം അറിയണമെന്ന് പരിശുദ്ധ പിതാവ് നിരന്തരമായി ആവശ്യപ്പെടുന്നു. മക്കളെ കേൾക്കുമ്പോൾ അമ്മയായ സഭ സന്തോഷിക്കുകയാണ്

എപ്പാർക്കിയൽ അസംബ്ലി എന്ന ആശയം നമ്മുടെ പുരാതന പള്ളിയോഗത്തോട് ഏറെ ബന്ധപ്പെട്ടിരിക്കുന്ന കാര്യമാണ്. ഇന്ത്യയിലെ നസ്രാണികൾക്കു പള്ളിയോഗം എന്ന പദം ഏറ്റവും പ്രിയപ്പെട്ടതാണ്. പള്ളിയോഗം പള്ളിയുടെ അല്ലെങ്കിൽ സഭയുടെ യോഗമാണ്, ഒന്നിച്ചു ചേരലാണ്. ഐക്യത്തിലേക്കു പ്രവേശിക്കുകയാണ് എന്നാണർഥം. ചില പണ്ഡിതന്മാർ പള്ളിയോഗത്തെ 'ക്രിസ്ത്യൻ റിപ്പബ്ലിക്' എന്നാണു വിശേഷിപ്പിച്ചത്. ക്രിസ്ത്യൻ എന്ന വിശേഷണം ഈ യോഗത്തെ വ്യതിരിക്തമാക്കുന്നു. ഈ റിപ്പബ്ലിക്കിന്റെ അടിസ്ഥാനസ്വഭാവം ഈശോയുടെ സ്വഭാവംതന്നെയായിരിക്കണം. ഈശോയെ മാറ്റിനിർത്തിയുള്ള ഒരു ജനാധിപത്യസംവിധാനമല്ല ഇത്. ഈശോയുടെ ഹിതം ജനകീയമായി അംഗീകരിക്കുകയും നടപ്പാക്കുകയുമാണ് ഈ യോഗത്തിന്റെ ധർമം. സഭ കാതോലികവും സാർവത്രികവുമാകുന്നത് ഈശോയുടെ കാതോലിക സാർവത്രികമാനത്തിൽനിന്നാണ്. ദേശത്തുപട്ടക്കാരനായ ഇടവകവികാരി (കത്തനാർ) തന്റെ ശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെട്ടിരിക്കുന്ന കുടുംബങ്ങളിലെ തലവൻമാരുമായി ആലോചിച്ചു പള്ളിയുടെ ഭരണശുശ്രൂഷകൾ ചെയ്യുന്ന ക്രമത്തിനാണു പള്ളിയോഗം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. ഈ ക്രിസ്ത്യൻ റിപ്പബ്ലിക്കിനു ലോകത്തിന്റെ ജനാധിപത്യവുമായി വലിയ വ്യത്യാസമുണ്ട്. ദൈവികജനാധിപത്യമാണിത്. കൂട്ടായ്മയാണ് ഇതിന്റെ അളവുകോൽ. ദൈവത്തിന്റെ ത്രിത്വാത്മകസ്വഭാവവും ഐക്യവും പ്രകടിപ്പിക്കുന്ന സംവിധാനമാണിത്. സഭയിലെ കൂട്ടായ്മയുടെ കാരണം പരി. ത്രിത്വം എന്ന കൂട്ടായ്മയാണ്.

പള്ളിയോഗം രൂപപ്പെടുന്ന കാലത്ത് മൻറങ്ങളും ക്ഷേത്രഭരണസംവിധാനങ്ങളും കൽദായസഭയുടെ ഭരണസംവിധാനങ്ങളുമൊക്കെ സ്വാധീനിച്ചിട്ടുണ്ടാവാം. എന്നാൽ, ഈ ഭരണസംവിധാനത്തിന്റെ അടിസ്ഥാനം പഴയനിയമ ദൈവജനത്തിന്റെയും പുതിയനിയമ സഭയുടെയും ഭരണക്രമംതന്നെയാണ്. ഒരുപക്ഷേ, നമ്മുടെ നാട്ടിലെ ചില ഭരണക്രമങ്ങളെ, പ്രത്യേകിച്ച് മൻറങ്ങളെ അനുകരിച്ചാവാം പള്ളിയോഗവും മൂന്നുതലത്തിൽ സംഘടിപ്പിക്കപ്പെട്ടത്. അതായത്, ഇടവകയോഗം, പ്രാദേശികയോഗം, മഹായോഗം എന്നീ തലങ്ങളിൽ. ഇന്നത്തെ എപ്പാർക്കിയൽ അസംബ്ലി പ്രാദേശികയോഗത്തിന്റെ സ്ഥാനത്താണെന്നു പറയാം. മഹായോഗം മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയെ പ്രതിനിധാനം ചെയ്യുന്നു. എപ്പാർക്കിയൽ അസംബ്ലി (പ്രാദേശികയോഗം) നമ്മെ ചില പ്രധാന കാര്യങ്ങൾ ഓർമിപ്പിക്കുന്നുണ്ട്:

- ഇത് ഇടവകകൾ തമ്മിലുള്ള ഐക്യത്തെ പ്രകാശിപ്പിക്കുന്നു.
- ഗൗരവതരമായ വിഷയങ്ങളിലും ഒരു വിശ്വാസിക്കു സമൂഹത്തെ പ്രതിനിധാനം ചെയ്യാൻ സാധിക്കുന്നു.
- ഇത് മുമ്പു സൂചിപ്പിച്ച ക്രിസ്ത്യൻ റിപ്പബ്ലിക്കിന്റെ ഏറ്റവും സുന്ദരമായ പ്രകാശനമാണ്.

പള്ളിയോഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കണമെങ്കിൽ അവർ നിർവഹിച്ചുകൊണ്ടിരിക്കുന്ന ഉത്തരവാദിത്വങ്ങളും അവകാശങ്ങളും നാം മനസ്സിലാക്കണം.

1) പള്ളിയുടെ ഭൗതികവസ്തുക്കളുടെ ഭരണം നിർവഹിച്ചിരുന്നതു പ്രധാനമായും പള്ളിയോഗമാണ്. തീർച്ചയായും വികാരിയായിരിക്കുന്ന കത്തനാരുടെ മേൽനോട്ടത്തിലാണത്. പള്ളിയോഗത്തിന്റെ ഉത്തരവാദിത്വത്തിലാണ് പള്ളിയുടെ നിർമാണങ്ങളും പുനരുദ്ധാരണപ്രവർത്തനങ്ങളുമൊക്കെ നടത്തിയിരുന്നത്. ഈ ശൈലിയാണല്ലോ പ്രതിനിധിയോഗത്തിലൂടെ നമ്മൾ തുടർന്നുകൊണ്ടുപോകുന്നത്.
2) പള്ളിയോഗത്തിന്റെ അംഗീകാരം ഒരു വ്യക്തിക്കു പൗരോഹിത്യപട്ടങ്ങൾ (ശംശാന, കശ്ശീശാ പട്ടങ്ങൾ) നൽകുന്നതിന് അനിവാര്യമായിരുന്നു. പള്ളിയോഗത്തിന്റെ ദേശക്കുറി അവരുടെ അംഗീകാരത്തിന്റെ അടയാളമായിരുന്നു. ഇത് വൈദികരും വിശ്വാസികളും തമ്മിലുള്ള ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്നു. ഇപ്പോഴും തിരുപ്പട്ടസ്വീകരണത്തിനുമുമ്പ് സ്വന്തം ഇടവകയിൽ ഇക്കാര്യം അറിയിക്കുന്ന ക്രമം നാം തുടർന്നുകൊണ്ടാണിരിക്കുന്നത്. സ്വജാതീയമെത്രാന്മാരെ തിരഞ്ഞെടുക്കുന്ന കാര്യത്തിലും സഭയിലെ മഹായോഗത്തിനു നിർണായകമായ പങ്കുണ്ടായിരുന്നു.
3) വൈദികരുടെ സംരക്ഷണച്ചുമതല യോഗത്തിന്റെ ഉത്തരവാദിത്വമായിരുന്നു.
4) പ്രധാന തിരുനാളിനോടനുബന്ധിച്ചുള്ള സ്നേഹവിരുന്നു ക്രമീകരിച്ചിരുന്നതും പള്ളിയോഗത്തിന്റെ ഉത്തരവാദിത്വത്തിലായിരുന്നു.
5) മാർത്തോമ്മായുടെ നിയമത്തിന്റെ യഥാർഥ സംരക്ഷണച്ചുമതല പള്ളിയോഗത്തിന്റേതായിരുന്നു.

നമ്മുടെ സഭയുടെ ശ്ലൈഹികപാരമ്പര്യവും ആരാധനക്രമവും സുറിയാനിഭാഷയും ഇതിൽനിന്ന് ഉരുത്തിരിഞ്ഞ മറ്റനേകം പ്രാദേശികപാരമ്പര്യങ്ങളും സംരക്ഷിക്കുന്നതിൽ പ്രാദേശികപള്ളിയോഗങ്ങൾ നല്ല ശ്രദ്ധ കൊടുത്തിരുന്നു. സുറിയാനിഭാഷയുടെ ഗ്രാമറും നിഘണ്ടുവും ടെക്സ്റ്റ് ബുക്കുകളുമൊക്കെ രചിച്ചവരിൽ ഏറ്റവും മുമ്പിൽ നിന്നിരുന്നത് നമ്മുടെ രൂപതയിൽനിന്നുള്ള പണ്ഡിതന്മാരായ കത്തനാർമാരായിരുന്നു. അന്ത്രയോസ് മല്പാൻ, കുടക്കച്ചിറ അന്തോണിച്ചൻ, ബഹു. തോമസ് അരയത്തിനാൽ, ഫാ. എമ്മാനുവേൽ തെള്ളിയിൽ തുടങ്ങിയവർ അവരിൽ മുൻനിരയിൽ നിൽക്കുന്നു. അവർക്കെല്ലാം പ്രചോദനം ലഭിച്ചത് പാറേമ്മാക്കൽ തോമാക്കത്തനാരിൽനിന്നും നിധീരിക്കൽ മാണിക്കത്തനാരിൽനിന്നുമായിരുന്നു. സുറിയാനി ഭാഷാപണ്ഡിതന്മാരായ ഒരുപറ്റം കത്തനാർമാർ പാലായുടെ വലിയ സമ്പത്തായിരുന്നു.

6) സഭയെ സംബന്ധിച്ച പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും യോഗങ്ങൾ കൂടിയിരുന്നുവെന്നതു ചരിത്രവസ്തുതയാണ്. സഭയുടെ ഐക്യം സംരക്ഷിക്കുന്നതിനും സമാധാനം നിലനിർത്തുന്നതിനും പള്ളിയോഗം പ്രത്യേകം താത്പര്യം കാണിച്ചിരുന്നു. പരസ്യപാപികളായിട്ടുള്ളവരെ തിരുത്തുന്നതിനും ശിക്ഷണനടപടികൾ സ്വീകരിക്കുന്നതിനും സാമൂഹികതിന്മകൾക്കെതിരേ പോരാടുന്നതിനും പള്ളിയോഗങ്ങൾ തയ്യാറായിരുന്നു. നമ്മുടെ എല്ലാ ഫൊറോനകളിലും ഈ അടുത്തനാളിൽ നമ്മൾ രൂപീകരിച്ച ജാഗ്രതാസമിതികൾ സാമൂഹികതിന്മകൾക്കെതിരേ പോരാടാനുള്ള ശക്തമായ ക്രമീകരണങ്ങളാണല്ലോ.
7) ഉപവിപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നതിൽ യോഗം നിർണായകപങ്കു വഹിച്ചിരുന്നു. നിർധനരായ പെൺകുട്ടികളുടെ വിവാഹക്കാര്യത്തിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. നമ്മുടെ ഹോം പാലാ പ്രോജക്ട്വഴിയും പാലാ കാരിത്താസ്വഴിയും കുടുംബസഹായനിധിവഴിയും ഇടവകകളും രൂപതാകേന്ദ്രവും ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. രൂപതയുടെ സാമൂഹികക്ഷേമ ഡിപ്പാർട്ട്മെന്റ് വഴി ഒട്ടനവധി കാരുണ്യപ്രവർത്തനങ്ങൾ നിർവഹിക്കാൻ നമുക്കു കഴിയുന്നുണ്ട്.

മുകളിൽ പറഞ്ഞ പള്ളിയോഗത്തിന്റെ പ്രവർത്തനങ്ങൾ മാർത്തോമ്മാക്രിസ്ത്യാനികളെ സഹോദരീസഹോദരന്മാരുടെ ഒരു സമൂഹമാക്കി. വർത്തമാനപ്പുസ്തകത്തിലെ ജ്യേഷ്ഠാനുജന്മാർ എന്ന പ്രയോഗം ഈ വസ്തുതയ്ക്കു സാക്ഷ്യം വഹിക്കുന്നു. സഭ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഒരു കൂട്ടായ്മയാണ്. സ്നേഹമില്ലാത്ത നിയമത്താൽ ഭരിക്കപ്പെടുന്ന ഒരു സമൂഹമല്ല. മാമ്മോദീസായിലൂടെ വീണ്ടും ജനിക്കുന്ന വിശ്വാസികൾ തമ്മിൽ ബഹുമാനത്തിന്റെ കാര്യത്തിലും പ്രവർത്തനങ്ങളുടെ കാര്യത്തിലും ഒരു സമാനതയുണ്ട്. ഓരോരുത്തരും തങ്ങളുടെ കൃപയ്ക്കനുസരിച്ചു പള്ളിയെ പടുത്തുയർത്തുന്നു.

എപ്പാർക്കിയൽ അസംബ്ലിയിലെ ചർച്ചകളും തത്ഫലമായി രൂപംകൊള്ളുന്ന കർമപദ്ധതിയും കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ടു ക്രിസ്തീയദൗത്യം സഭയിലും സമൂഹത്തിലും ഏറ്റവും ഫലപ്രദമായി നിർവഹിക്കുന്നതിന് ഓരോരുത്തരെയും പ്രാപ്തരാക്കുമെന്നും അതുവഴി, പ്രാദേശികസഭയായ നമ്മുടെ രൂപത കൂടുതലായി ആത്മീയവളർച്ച നേടുമെന്നും വിശ്വാസത്തിൽ ആഴപ്പെടുമെന്നും പ്രത്യാശിക്കുന്നു.

■

# സമയത്തിനുമുമ്പേ 'ടൈംഡ് ഔട്ട്' ആകുന്നവർ



സി. അഡ്വ. ജോസിയ എസ്.ഡി.

കഴിഞ്ഞയാഴ്ച ലോകകപ്പ് ക്രിക്കറ്റ് മത്സരത്തിനിടയിലാണ് ശ്രീലങ്കൻ താരം ആഞ്ചേലോ മാത്യൂസ് അപ്രതീക്ഷിതമായി കളിക്കളത്തിൽനിന്നു പുറത്തായത്. ക്രിക്കറ്റ്ചരിത്രത്തിൽ ആദ്യം എന്നൊക്കെ പത്രങ്ങളിൽ വാർത്ത കണ്ടിരുന്നു. ഈ സംഭവത്തോടു പലരും പലതരത്തിലാണു പ്രതികരിച്ചത്. താരംതന്നെ ഈ നടപടിയോടു വളരെ രൂക്ഷമായി പ്രതികരിച്ചത് ഇപ്രകാരമാണ്:

"ഇതു ക്രൂരതയാണ്. ഞാൻ തെറ്റായി ഒന്നും ചെയ്തിട്ടില്ല. യാന്ത്രികമായി സംഭവിച്ച ഒരു തകരാറായിരുന്നു അത്."

ഇനി ഈ സംഭവത്തെ ഡൽഹി പോലീസ് വളരെ ക്രിയാത്മകമായി ഉപയോഗിച്ച മറ്റൊരു വാർത്തയിലേക്കു വരാം.

ഡൽഹി പോലീസിന്റെ സമൂഹമാധ്യമപേജിൽ നോക്കിയാൽ, രണ്ടു ഹെൽമറ്റും കൈയിൽ പിടിച്ചു നിൽക്കുന്ന ആഞ്ചേലോ മാത്യൂസിന്റെ ചിത്രവും 'ഒരു നല്ല ഹെൽമറ്റിനു ടൈംഡ് ഔട്ടിൽനിന്ന് നിങ്ങളെ സംരക്ഷിക്കാൻ കഴിയും' എന്ന ക്യാപ്ഷനും നമുക്കു കാണാനാകും.

ഈ രണ്ടു സംഭവങ്ങളും നമ്മെ ഒരുപാട് ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു.

മലയാളികളുടെ മനസ്സിനു നീറ്റലുളവാക്കുന്ന മറ്റൊരു സംഭവമുണ്ട്:

പിതാവ് ബലമായി കളനാശിനി കുടിപ്പിച്ച ഫാത്തിമ എന്ന പത്താം ക്ലാസുകാരി മരണത്തിനു കീഴടങ്ങിയെന്ന വാർത്തയാണത്. പത്രത്തിലെ ആ വാർത്തയ്ക്കൊപ്പം ഏറ്റവും അവസാനം, 'കേരളത്തിൽ കഴിഞ്ഞ ആറു വർഷത്തിനിടെ ഉണ്ടായ അഞ്ചാമത്തെ ദുരഭിമാനക്കൊലയാണിത്' എന്ന ഒരു കുറിപ്പുകൂടി.

കേരളം ഓരോ ദിവസവും കൊലപാതകത്തിന്റെ വിവിധ കഥകൾ കേട്ടാണ് ഉണരുന്നത്.

അതേ,

ക്രിക്കറ്റ് മൈതാനങ്ങളിൽ വല്ലപ്പോഴും ഒരിക്കൽ സംഭവിക്കുന്ന ടൈംഡ് ഔട്ടുകൾ ഇന്ന് നമ്മുടെ കൊച്ചുകേരളത്തിൽ സാധാരണ സംഭവമായി മാറിയിരിക്കുന്നു. കേരളത്തിലെ കുടുംബങ്ങളിൽ നടന്ന കൊലപാതകങ്ങൾ എണ്ണിയാൽ, കേരളത്തിലെ റോഡുകളിൽ നടന്ന ബൈക്ക് അപകടങ്ങളിലുണ്ടായ മരണങ്ങൾ എണ്ണിയാൽ, കേരളത്തിലെ വീടുകളിൽനിന്നും സ്കൂളുകളിൽനിന്നും കാണാതായ കൗമാരക്കാരുടെ എണ്ണം എടുത്താൽ, ആത്മഹത്യകളുടെ കാരണം അന്വേഷിച്ചാൽ, ഒളിച്ചോട്ടങ്ങളുടെയും തുടർന്നുണ്ടായ മരണങ്ങളുടെയും എണ്ണം നോക്കിയാൽ നാം എത്തിനിൽക്കുന്നത് ഈ ടൈംഡ് ഔട്ടുകളുടെ നിരയിലേക്കാണ്.

വിടരുംമുമ്പേ കൊഴിഞ്ഞ എത്രയോ ബാല്യങ്ങൾ നമ്മുടെ മുമ്പിൽ നൊമ്പരപ്പെടുത്തുന്ന ഓർമയായി ഉണ്ട്! അലസിപ്പിച്ചുകളഞ്ഞ 'അവിഹിത



ഗർഭങ്ങൾ' എന്ന് നമ്മൾ ഓമനപ്പേരിട്ടു വിളിക്കുന്നവരും ടൈംഡ് ഔട്ട് ആയ കുഞ്ഞുങ്ങൾ തന്നെയാണ്.

മയക്കുമരുന്നിന്റെ മായാലോകത്തു കണ്ണും പൂട്ടി പറന്നുനടക്കുന്ന യുവകേരളവും അവരുടെ സ്വാഭാവികജീവിതകാലത്തിനുമുമ്പേ ടൈംഡ് ഔട്ട് ആകാൻ വിധിക്കപ്പെട്ടവരാണ്.

പ്രണയക്കെണികളിൽ കുടുങ്ങി, അവസാനം ഏതെങ്കിലും സ്യൂട്ട്കേസുകളിൽ ഒടിച്ചു നുറുങ്ങപ്പെട്ട ചീഞ്ഞ മാംസക്കഷണങ്ങളായി, വയനാടൻ ചുരങ്ങളിൽ എറിയപ്പെടാൻ വിധിക്കപ്പെടുന്ന നമ്മുടെ പെണ്മക്കളും സമയത്തിനുമുമ്പേ ടൈംഡ് ഔട്ട് ആകുന്നുണ്ട്. മൊബൈൽ അഡിക്റ്റായി വാശി പിടിക്കുന്ന കുട്ടിക്കുരുന്നുകളും സ്വയം കുരുക്കു മുറുക്കാനും ആത്മഹത്യ ചെയ്യാനും ഒക്കെ പഠിച്ചിരിക്കുന്നു! അപകടകരമായ ചില ടൈംഡ് ഔട്ടുകൾക്ക് സാക്ഷ്യംവഹിച്ചുകൊണ്ടാണ് കേരളം ഓരോ ദിവസവും ഉണരുന്നത്.

ആര് ആരെയാണു കുറ്റപ്പെടുത്തേണ്ടത്? ചില ടൈംഡ് ഔട്ടുകൾക്കു കുറ്റപ്പെടുത്തലുകൾ ഒരു പരിഹാരം ആകുമോ? തെറ്റു ചെയ്യുന്നവനെ കൊലപ്പെടുത്തുകയെന്ന നയത്തിലൂടെ തിരുത്തലുകൾ സാധ്യമാകുന്നുണ്ടോ? ഇത്തരം മനഃസാക്ഷി മരവിക്കുന്ന കഥകൾ മാധ്യമങ്ങൾ നിഷ്പക്ഷമായി ചർച്ച ചെയ്യുന്നുണ്ടോ?

പുതിയ തലമുറയ്ക്ക് എന്താണു സംഭവിക്കുന്നത്? ആരെയാണ് അവർ മാതൃകയാക്കേണ്ടത്? ഒരുപാടു ചോദ്യങ്ങൾക്കു സാംസ്കാരികകേരളം ഉത്തരം നൽകണം. ഇല്ലെങ്കിൽ ഇനിയും ഇത്തരം ടൈംഡ് ഔട്ടുകൾ കണ്ട് ഞെട്ടിയിരിക്കേണ്ട അവസ്ഥ കേരളത്തിലെ കുടുംബങ്ങളിലുണ്ടാകും.

ഡൽഹി പോലീസിന്റെ ബോധവത്കരണ ക്യാപ്ഷൻപോലെ, ഈ അപ്രതീക്ഷിത പുറത്താകലുകൾക്കെതിരേ കരുതലിന്റെ ഹെൽമറ്റ് ധരിക്കാൻ, സ്നേഹത്തിന്റെ സ്ട്രാപ് പൊട്ടാത്ത കുടുംബങ്ങളാകുന്ന ഹെൽമറ്റ് ധരിക്കാൻ നമുക്കു പറ്റുമോ?

മക്കൾ മാതാപിതാക്കളെ കുറച്ചുകൂടി യാഥാർഥ്യബോധത്തോടെ സമീപിക്കുമോ? മാതാപിതാക്കൾ മക്കൾക്കു സ്നേഹസാമീപ്യത്തിന്റെ സുരക്ഷിത കവചം ഒരുക്കുമോ?

കൗമാരക്കാർ അല്പംകൂടി ഗൗരവബോധത്തോടെ ജീവിതത്തെ നോക്കിക്കാണുമോ? അല്പസന്തോഷത്തിനായി ജീവിതമാകുന്ന ലഹരി വിട്ട് വിഷലിപ്തമായ ലഹരിപദാർഥങ്ങളിൽ കണ്ണുടക്കാതെ നിങ്ങൾക്ക് ജീവിതത്തെ പ്രണയിക്കാൻ പറ്റുമോ?

എങ്കിൽ ദൈവം അനുവദിച്ച കാലമത്രയും സന്തോഷമായി ഈ ഭൂമിയിൽ നമുക്കു ജീവിക്കാം. രാഹുൽ ദ്രാവിഡ് പറഞ്ഞതു പോലെ, 'നന്നായി ബാറ്റ് ചെയ്തുകൊണ്ടിരിക്കുമ്പോൾ ഔട്ട് ആകേണ്ടി വരുന്നത് എന്തൊരു കഷ്ടമാണ്?'

എന്തിനാണ് നമ്മൾ സമയത്തിനുമുമ്പ് ഇങ്ങനെ ടൈംഡ് ഔട്ട് ആകുന്നത്?

■



പ്രഫ.എം. തോമസ് മാത്യു



റവ.ഡോ. തോമസ് മൂലയിൽ



ഷീല ടോമി



പൗളി വിത്സൻ



അഭിജിത്ത് ജോസഫ്



പ്രഫ. കെ.വി. തോമസ്



ജോർജ് കണക്കശേരി

# കെ.സി.ബി.സി. മാധ്യമ അവാർഡുകൾ

കൊച്ചി: കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ 2023 ലെ മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു. പ്രഫ. എം. തോമസ് മാത്യു, റവ. ഡോ. തോമസ് മൂലയിൽ, ഷീല ടോമി, പൗളി വിത്സൻ, അഭിജിത് ജോസഫ്, ജോർജ് കണക്കശേരി, പ്രഫ. കെ. വി. തോമസ് കൈമലയിൽ എന്നിവരാണ് അവാർഡിന് അർഹരായത്.

കെസിബിസി മീഡിയ സംസ്കൃതിപുരസ്കാരമാണു ചിന്തകനും എഴുത്തുകാരനുമായ പ്രഫ. എം. തോമസ് മാത്യുവിനു നൽകുന്നത്. നിരൂപകൻ, വാഗ്മി, അധ്യാപകൻ എന്നീ നിലകളിൽ അരനൂറ്റാണ്ടിലധികമായി മലയാളഭാഷയെ നവീകരിക്കുകയും സമ്പന്നമാക്കുകയും ചെയ്ത തോമസ് മാത്യു, അനന്യമായ ദാർശനിക ഗരിമയുള്ള കാവ്യഭാഷകൊണ്ടു മലയാളത്തെ ഉദാത്തമായ തലങ്ങളിലേക്ക് ഉയർത്തിയെന്ന് ജൂറി വിലയിരുത്തി.

മലയാളലിപി പാഠ്യപദ്ധതിയിൽ തിരികെയെത്തിക്കുന്നതുൾപ്പെടെ, ഭാഷയ്ക്കു നൽകിയ സമഗ്രസംഭാവനകളെ മുൻനിർത്തിയാണ് റവ. ഡോ. തോമസ് മൂലയിലിന് കെസിബിസി മീഡിയ ദാർശനിക - വൈജ്ഞാനികപുരസ്കാരം നൽകുന്നത്.

കോളജ് പ്രിൻസിപ്പലും സാമൂഹിക, സാംസ്കാരിക, സഭാപ്രവർത്തകനുമായ പ്രഫ. തോമസ് കൈമലയിൽ, അരനൂറ്റാണ്ടോളമായുള്ള അരങ്ങിലെ മികവിന് സംസ്ഥാന സംഗീത, നാടക അക്കാദമി അവാർഡുകൾ നേടിയ ജോർജ് കണക്കശേരി എന്നിവരെ കെസിബിസി ഗുരുപൂജ പുരസ്കാരം നൽകി ആദരിക്കും.

'വല്ലി' എന്ന നോവലിലൂടെ സാഹിത്യലോകത്ത് മികവടയാളമെഴുതിയ ഷീല ടോമിക്കാണു കെസിബിസി സാഹിത്യ അവാർഡ്.

നാടക, സിനിമാമേഖലകളിൽ അഭിനയമികവിന്റെ മുദ്രപതിപ്പിച്ചു സംസ്ഥാന, ദേശീയ അവാർഡുകൾ നേടിയ നടി പൗളി വിത്സനു കെസിബിസി മീഡിയ അവാർഡ് നൽകും.

സംവിധാനരംഗത്ത് ആദ്യ സിനിമയിലൂടെത്തന്നെ (ജോൺ ലൂഥർ) ശ്രദ്ധിക്കപ്പെട്ട അഭിജിത്ത് ജോസഫിനു കെസിബിസി മീഡിയ യുവപ്രതിഭ പുരസ്കാരമാണു നൽകുന്നത്. കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനിയാണു അവാർഡുകൾ പ്രഖ്യാപിച്ചത്.

ഡിസംബർ ആറിനു പാലാരിവട്ടം പിഒസിയിൽ നടക്കുന്ന സമ്മേളനത്തിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യുമെന്നു കമ്മീഷൻ സെക്രട്ടറി ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ അറിയിച്ചു.

നർമഭാവന



ജോർജ് നെയ്യശ്ശേരി

# ഷഷ്ടിപൂർത്തി

**സീൻ ഒന്ന്**

ഗംഗാധരൻമാഷ് രാവിലെ സിറ്റൗട്ടിൽ ഖിന്നനായി ഇരിക്കുന്നു. ഇന്ന് പ്രായം അറുപതു തികയുകയാണ്. കള്ളിമുണ്ടും ഷർട്ടുമാണു വേഷം. മൊട്ടത്തലയിൽ അങ്ങിങ്ങായി ഏരിയൽ പോലെ പൊങ്ങിനിൽക്കുന്ന മുടിയെക്കഴിഞ്ഞും നീളമുണ്ട് ചെവിയിലെ മുടിക്ക്. എല്ലാം വെള്ളികെട്ടിയിരിക്കുന്നു.

മീശമാത്രം ഡൈ ചെയ്തിട്ടുണ്ട്. തലയിലെ മുടി ഡൈ ചെയ്യുക എന്നതു ഭഗീരഥപ്രയത്നമാണെന്നറിഞ്ഞ് അതിൽനിന്നു പിന്മാറി.

മുൻനിരമധ്യത്തിലെ രണ്ടുപല്ലുകൾ സ്കൂട്ടർ ആക്സിഡന്റിൽ നഷ്ടപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഗംഗാധരൻമാഷ് അങ്ങനെ ചിരിക്കാറില്ല.

ചില പരിചിതമുഖങ്ങൾ കാണുമ്പോൾ ചിരിക്കണമെന്നു തോന്നിയാലും ചിരിപിടിച്ചു നിർത്തി ചിരിച്ചെന്നു വരുത്തിത്തീർക്കും. വെറ്റിലക്കറ പുരണ്ട പല്ലുകൾ മാഷ് അധികമാരെയും കാണിക്കാറില്ല.

ഉച്ചത്തിലുള്ള സംസാരം മാഷിന്റെ ട്രേഡ് മാർക്കാണ്.

**സീൻ രണ്ട്**

ഗംഗാധരൻമാഷിന്റെ ഭാര്യ സുമംഗല അകത്തുനിന്ന് സിറ്റൗട്ടിലേക്കു വന്നു. വയസ്സ് അൻപത്. സെറ്റുസാരിയാണു വേഷം. നെറ്റിയിൽ വലിയ ചെമന്ന പൊട്ട്. വെളുത്തനിറം. സുന്ദരി.

''ഷഷ്ടിപൂർത്തിയല്ലേ. നമുക്കു പായസം വച്ചാലോ.''

ചെറുചിരിയോടെ അവർ മാഷിനടുത്തായി ഇരുന്നു. മാഷ് രണ്ടു കൈകൊണ്ടും ഇടത്തേകാൽ പിടിച്ചുയർത്തി.

“കണ്ടോ മന്തുകാല്. ഇനി പായസത്തിന്റെ കുറവേയുള്ളൂ. പ്രഷറും ഷുഗറും കൊളസ്ട്രോളും എല്ലാം ചേർന്ന് ഒരു പരുവമാക്കിയിരിക്കയാ. അപ്പഴാ നിന്റെയൊരു പായസം.”

അയാളുടെ കറുത്ത മുഖം ഒന്നുകൂടി കറുത്തു.

“ഇപ്പോ കൊതിവിട്ടിട്ടു കാര്യമുണ്ടോ. നല്ല പ്രായത്തിൽ ഞാൻ പായസം ഉണ്ടാക്കിത്തരുമ്പം നിങ്ങക്കു കുടിക്കാൻ നേരമുണ്ടായിരുന്നോ. പാർട്ടി നന്നാക്കാൻ ഓടുമ്പം ഓർക്കണമായിരുന്നു. ആരോഗ്യം നോക്കാതെ അന്ന് ഓടി മിച്ചം കിട്ടിയതാ ഈ മന്തുകാല്. ആ ഓട്ടംകൊണ്ട് ബാക്കിയുള്ളോരു ഗുണം കണ്ടു.”

സുമംഗല ഈർഷ്യയോടെ ഭർത്താവിനെ നോക്കി. ഗംഗാധരൻമാഷ് വെറുതെ റോഡിലേക്കു നോക്കി വണ്ടികൾ പോവുന്നതും കണ്ടിരുന്നു.

''ആ സേതുസാറിന്റെ ഷഷ്ടിപൂർത്തിക്ക് ഈ വഴിക്ക് എന്തോരം വണ്ടികളാ പോയത്. ആ സാറിന്റെ ശിഷ്യരായിരുന്നു കൂടുതലും. അങ്ങേരു പിള്ളേരെ നന്നായിട്ടു പഠിപ്പിച്ചു.''

''ഇങ്ങേരു പകുതിദിവസം സ്കൂളിൽപ്പോയോ? പകുതി സമയവും പാർട്ടിപ്പരിപാടിക്കു നടക്കുവല്ലാർന്നോ. ഇപ്പോ പാർട്ടിക്കാരുമില്ല ശിഷ്യരുമില്ല.”

“പഠിപ്പിക്കാൻ പോയാലോ, എന്താ പഠിപ്പിക്കണതെന്ന് മാഷിനുമറിയില്ല പിള്ളേർക്കുമറിയില്ല. പത്താം ക്ലാസിലെ പിള്ളേരെ പഠിപ്പിക്കാൻ എട്ടിലെ പുസ്തകവുമായി പോയ വിദ്വാനല്ലേ.”

പറഞ്ഞതും സുമംഗല കിലുകിലെ ചിരിച്ചു.

“നല്ലോരു ഷഷ്ടിപൂർത്തിയായിട്ട് അവളു ചൊറിയണ വർത്തമാനവുമായി വന്നിരിക്കയാ.”

ഗംഗാധരൻമാഷ് വിറകൊണ്ടു.

“നല്ലോരു ഷഷ്ടിപൂർത്തിയായിട്ട് ആരെങ്കിലും നിങ്ങളെ കാണാൻ വന്നോ. ഞാൻ ഷഷ്ടിപൂർത്തിയാണെന്ന് ഫേസ് ബുക്കിലിട്ടിട്ട് ഒരു ലൈക്കുമില്ല കമന്റുമില്ല.”

“നീ കോളേജിൽ ഒത്തിരി ലൈക്കും കമന്റും മേടിച്ചവളാന്ന് എനിക്കറിയാം. എന്നെക്കൊണ്ടൊന്നും പറയിപ്പിക്കേണ്ട.”

അയാൾ ഉണ്ടക്കണ്ണുകൾ ഒന്നുകൂടി വലുതാക്കി.

''സുന്ദരികൾക്ക അങ്ങനെ ലൈക്കും കമന്റുമൊക്കെ കിട്ടും. അതെല്ലാം അറിഞ്ഞോണ്ടല്ലേ എന്നെ കെട്ടാൻ വന്നത്. എന്റെ അച്ഛന് എന്നേക്കഴിഞ്ഞും കാര്യം പാർട്ടിക്കാരനെയായിരുന്നു.'' സുമംഗല ചുണ്ടുകൾ കോട്ടി.

“കൂടുതലു ചെലയ്ക്കാതെ അടുക്കളയിൽ വല്ലപണിയും ഉണ്ടോന്നു നോക്കടീ.”

അയാൾ വാ പൊളിച്ച് വോള്യം കൂട്ടി.

“ഞാൻ ചെലച്ചിട്ട് എന്തു കാര്യം? ഇപ്പം രൂപ ഇരുപത്തഞ്ചു ലക്ഷം സ്വാഹ ആയില്ലേ. പെൻഷൻ പറ്റിയപ്പം കിട്ടിയ കാശ് പല ബാങ്കിലായിട്ട് ഇടാൻ ഞാനും മോനും ആകുന്ന പറഞ്ഞതല്ലേ. അറിയാത്ത പുള്ള യ്ക്കു ചൊറിയുമ്പം അറിയുമെന്നാ ചൊല്ല്. ഇതു ചൊറിഞ്ഞാലും അറിയില്ല. അതിന് ബല്യ ഡയറക്ടർ ബോർഡ് മെമ്പറല്ലേ. മുഴുവനും സ്വന്തം ബാങ്കിലോട്ടു തട്ടി. പലരും കൈയിട്ടു നക്കി. ഇനി മിച്ചമൊന്നും കിട്ടുമെന്ന് എനിക്കു തോന്നുന്നില്ല.”

സുമംഗല വീറോടെ പറഞ്ഞു ഭർത്താവിനെ നോക്കി.

“ചങ്കീ കുത്തണ വർത്താനം പറയാതെടീ.” മാഷിന്റെ തല താണു.

മൊബൈൽ ശബ്ദിച്ചപ്പോൾ ഗംഗാധരൻമാഷ് ചെറുചിരിയോടെ അതെടുത്തു.

ഒരാളെങ്കിലും ആശംസ നേരാൽ വിളിച്ചല്ലോ. ആരായിരിക്കും?

“മാഷേ, പളപള മിന്നണ ഒരു വലിയ കറുത്ത കാറിൽ മുന്നാലു തടിയന്മാർ അങ്ങോട്ടു വരണ്ണ്ട്. മാഷിന്റെ വീടു ചോദിച്ചു. ഞാൻ പറഞ്ഞുകൊടുത്തു. കണ്ടിട്ട് ഇ.ഡി. ആണെന്നു തോന്നുന്നു.”

കോ ഓപ്പറേറ്റീവ് ബാങ്കിലെ പ്യൂൺ രാജൻ പറഞ്ഞു.

മിടയിറക്കി മാഷ് ഫോൺ താഴെ വച്ചു.

മാഷിനെ വിയർക്കാൻ തുടങ്ങി.

“എന്താ മാഷേ, ആരാ വിളിച്ചെ.” സുമംഗല ആശങ്കയോടെ ഭർത്താവിന്റെ കൈയിൽപ്പിടിച്ചു.

''ഇഡി ഇങ്ങോട്ടു വരണ്ണ്ട്ന്ന്.”

അയാൾ വല്ല വിധേനയും പറഞ്ഞൊപ്പിച്ചു.

സന്തോഷവാർത്ത കേട്ട പോലെ സുമംഗലയുടെ മുഖം വിടർന്നു.

''പൊലീസിനെയും പട്ടാളത്തെയും ഞാൻ കണ്ടിട്ടുണ്ട്. ഇഡിയെ ഞാൻ ഇന്നുവരെ കണ്ടിട്ടില്ല. ടി.വിയിൽ പറയണ കേക്കാം. അവിടെയും ഇവിടെയുമൊക്കെ ഇഡി വന്നെന്ന്. ഇഡി വരണതൊരു സ്റ്റാറ്റസാ മാഷേ.”

“എടീ പോത്തേ. ഇഡി വന്നാ എന്നെ അറസ്റ്റു ചെയ്തോണ്ടു പോവും. വിവരമില്ലാത്ത കഴുത. നീയിപ്പം എന്റെ കൈയീന്നു മേടിക്കും.”

അയാൾ ഭാര്യയുടെ നേരേ കൈയോങ്ങി.

സുമംഗല മോങ്ങാൻ തുടങ്ങി.

**സീൻ മൂന്ന്**

റോൾസ് റോയ്സ് കാർ ഗംഗാധരൻ മാഷിന്റെ പടിക്കൽ നിന്നു. കാറിൽനിന്ന് മൂന്ന് ആജാനുബാഹുക്കൾ പുറത്തിറങ്ങി. പാന്റും കോട്ടും ടൈയും കൂളിങ്ഗ്ലാസും ധരിച്ചവർ.

ഒരുവന്റെ കൈയിൽ പൂമാലയും ബൊക്കെയും. അപരന്റെ കൈയിൽ സ്യൂട്ട് കേസും.

സാധാരണപൊലീസുകാരെപ്പോലെ ആയിരിക്കില്ല ഇഡി



പൊലീസുകാർ. ഇവർ മാലയിട്ടു സ്വീകരിച്ചായിരിക്കും സ്റ്റേഷനിലേക്കു കൊണ്ടുപോവുക. പിന്നെയായിരിക്കും ഇടിയുടെ പൂരം. ഇവർ വലിയ ഇടിയന്മാരായിരിക്കും. അതാ ഇഡി എന്നു പേരിട്ടിരിക്കുന്നത്.”

ഗംഗാധരൻ മാഷിനു ടോയ്‌ലറ്റിൽ പോകണമെന്നു തോന്നി.

ഒളിക്കാൻപോയതാണെന്നോർത്ത് അതിനുവേറെ ഇടി കിട്ടിയെങ്കിലോ എന്നോർത്ത് മാഷ് നിന്നിടത്തുതന്നെ നിന്നുപോയി. മാഷ് അവരുടെ നേരേ കൈകൂപ്പി.

''ഹാപ്പി ഷഷ്ടിപൂർത്തി മാഷേ.”

തടിയന്മാരുടെ നേതാവെന്നു തോന്നിക്കുന്ന വലിയ തടിയൻ കൂളിങ്ഗ്ലാസ് തലയിലേക്കു കേറ്റിവച്ച് മാഷിന്റെ ഇരുകൈകളും കവർന്നു.

നക്കിക്കൊല്ലുന്ന പാർട്ടികളാന്നു തോന്നണു.

മാഷിന്റെ തൊണ്ടയിലെ വെള്ളം വറ്റി.

വലിയ തടിയൻ കൂടെയുള്ളവന്റെ കൈയിൽനിന്നു മാല വാങ്ങി മാഷിന്റെ കഴുത്തിലിട്ടു. ബൊക്കെ വാങ്ങി കൈയിൽ കൊടുത്തു.

സുമംഗല പന്തം കണ്ട പെരുച്ചാഴിയെപ്പോലെ നിന്നു.

''മാഷ്ക്ക് എന്നെ മനസ്സിലായോ?”

വെളുക്കെ ചിരിച്ച് അയാൾ മാഷിനോടു ചോദിച്ചു.

ഇഡിയല്ലേ എന്നു മാഷ് ചോദിക്കുന്നതിനു മുമ്പേ അയാൾ പറഞ്ഞു:

“ഞാൻ മാഷ്ന്റെ ശിഷ്യൻ അപ്പുക്കുട്ടനാ. മാഷ് അല്ലേ എന്നെ പത്തിൽ പഠിപ്പിച്ചത്. മാഷ് പഠിപ്പിച്ചതുകൊണ്ടു മാത്രമാ ഞാൻ പത്തിൽ തോറ്റത്. അതുകൊണ്ട് ഞാൻ എന്നും മാഷിനെ നന്ദിയോടെ ഓർക്കും.”

അയാൾ വെളുക്കെ ചിരിച്ചു.

''പത്തു ജയിച്ചിരുന്നെങ്കീ ഞാനിപ്പം തുക്കടാ ജോലിക്കാരനായി ഏതെങ്കിലും ആഫീസിലിരുന്ന് എണ്ണിച്ചുട്ട അപ്പം മേടിച്ചേനെ. സമൂഹത്തിൽ എനിക്കിത്രയും വിലയുണ്ടാക്കിത്തന്നത് മാഷിന്റെ പഠിപ്പീരാ.”

“ഞാനിപ്പം അപ്പുക്കുട്ടനല്ല മാഷേ. ആ പേര് എനിക്കിഷ്ടമായില്ല. ഞാനിപ്പം സമ്പത്ത്കുമാറാ.”

മാഷ് ആശ്വാസനിശ്വാസം വിട്ടു. പുലിപോലെ വന്നത് എലിപോലെ ആയി.

“ഞാൻ കുടിക്കാനെടുക്കാം.”

സുമംഗല ചിരിയോടെ അകത്തേക്കു പോകാനൊരുങ്ങി.

''മേഡം. അവിടെ നിക്ക്. ഞങ്ങക്ക് കുടിക്കാനൊന്നും വേണ്ട.” അയാൾ സ്യൂട്ട്കേസ് തുറന്ന് ഒരു പായ്ക്കറ്റെടുത്ത് സുമംഗലയ്ക്കു നീട്ടി. ''ഒരു ഗിഫ്റ്റാ, സാരിയാ.”

സാരിയെന്നു കേട്ടതും സുമംഗല രണ്ടു കൈകൊണ്ടും റാഞ്ചി.

“മാഷിനും ഗിഫ്റ്റുണ്ട്.”

സമ്പത്ത്കുമാർ സ്യൂട്ട്കേസിൽനിന്ന് ഒരു പാക്കറ്റെടുത്തു മാഷിനു കൊടുത്തു.

“ഒരു ലക്ഷം രൂപയുണ്ട്.”

സമ്പത്ത്കുമാറിൽനിന്നു പൊതി വാങ്ങുമ്പോൾ മാഷ് സ്വന്തം കൈയിലൊന്നു നുള്ളിയിട്ടാണു വാങ്ങിയത്, ഇതു സ്വപ്നമല്ലെന്ന് ഉറപ്പുവരുത്താനായി.

“ഞാനിപ്പം സമ്പത്ത്കുമാർ ഫൈനാൻസിയേഴ്സിന്റെ എം.ഡി.യാ. ഞങ്ങക്കിപ്പം ഓൾ ഓവർ ദി വേൾഡ് ഫിഫ്റ്റി ബ്രാഞ്ചസുണ്ട്. അടുത്ത ബ്രാഞ്ച് ഉടനെ മാഷിന്റെ നാട്ടിൽത്തന്നെ ഓപ്പൺ ചെയ്യും. എല്ലാവരും സഹായിക്കണം.”

സമ്പത്ത്കുമാർ പ്രതീക്ഷയോടെ സുമംഗലയെ നോക്കി. സുമംഗലയ്ക്ക് സമ്പത്ത്കുമാറിനെ ‘ക്ഷ’ പിടിച്ചു.

“കോപ്പറേറ്റീവീന്ന് പൈസ കിട്ടിയാലുടനെ ഞങ്ങൾ അവിടെ കൊണ്ടിടാം.”

മാഷിന്റെ അനുവാദത്തിനു കാക്കാതെ സുമംഗല തട്ടിവിട്ടു.

''ഇതാ എന്റെ കാർഡ്.'' അയാൾ വിസിറ്റിങ് കാർഡെടുത്തു സുമംഗലയ്ക്കു കൊടുത്തു.

“ഇനിയും ഗിഫ്റ്റുകൾ പ്രതീക്ഷിക്കാം.” അയാൾ സുമംഗലയോടു ചിരിച്ചുകൊണ്ടു പറഞ്ഞു.

''മാഷിന്റെ ഒരു ഫോട്ടോ എടുത്തോ. ‘ഈ സ്ഥാപനത്തിന്റെ ഐശ്വര്യം’ എന്ന അടിക്കുറിപ്പോടെ വയ്ക്കാനാ.”

സമ്പത്ത്കുമാറിന്റെ കൂടെയുള്ള ഒരുവൻ മൊബൈലിൽ ഗംഗാധരൻമാഷിന്റെ ഫോട്ടോ എടുത്തു.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ
ഫാ. കുര്യൻ തടത്തിൽ



ദരിദ്രർ എന്നേയ്ക്കും വിസ്മരിക്കപ്പെടുകയില്ല; പാവങ്ങളുടെ പ്രത്യാശ എന്നേക്കുമായി അസ്തമിക്കുകയില്ല.

സങ്കീർത്തനങ്ങൾ 9:18

**എഡിറ്റോറിയൽ**

# രാഷ്ട്രീയ ഇച്ഛാശക്തിയും വിവേകവും 'ഇന്ത്യാ'മുന്നണിക്കുണ്ടായേ പറ്റൂ

**ബ**ഹുസ്വരതയുടെ ശക്തിയാണ് ജനാധിപത്യത്തിന്റെ വിജയവും സൗന്ദര്യവും. പ്രതിപക്ഷസ്വരം മുഴക്കമുള്ളതാകുമ്പോഴാണു ജനാധിപത്യഭരണവ്യവസ്ഥിതിക്കു തിളക്കവും സ്വച്ഛതയുമുണ്ടാകുന്നത്. ഭിന്നസ്വരങ്ങളെ അപസ്വരങ്ങളായല്ല ഐക്യത്തിനായുള്ള കാഹളവും മുറവിളിയുമായാണ് ജനാധിപത്യസംവിധാനങ്ങൾ നോക്കിക്കാണുന്നത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ മഹിതമായ പാരമ്പര്യം വിളിച്ചോതുന്ന അടിസ്ഥാനവസ്തുതയുമാണത്. മഹാത്മാഗാന്ധിയും ജവഹർലാൽനെഹ്റുവും ഡോ. ബി.ആർ. അംബേദ്കറും തുടങ്ങിയുള്ള മഹാത്മാക്കളുടെ ഉൾക്കരുത്ത് അഭിപ്രായവ്യത്യാസങ്ങളെ ഏകോപിപ്പിക്കുന്നതിലും ശക്തീകരിക്കുന്നതിലുമായിരുന്നു. അത് ജനാധിപത്യ ഇന്ത്യയുടെ രാഷ്ട്രീയ ഇച്ഛാശക്തിയും വിജയവുമായി ജനം നോക്കിക്കണ്ടതാണ് നമ്മുടെ പാവനമായ സംസ്കാരം.

പക്ഷേ, കുറേ വർഷങ്ങളായി രാജ്യത്തു പ്രതിപക്ഷം ദുർബലാവസ്ഥയിലായിരുന്നു. 2014 ലും 2019 ലും മൃഗീയഭൂരിപക്ഷത്തോടെ ബി.ജെ.പി. ഭരണം പിടിച്ചടക്കിയതും മോദിപ്രഭാവവുമാണ് പ്രധാനമായും ഇത്തരത്തിലുള്ള സ്ഥിതിവിശേഷമുണ്ടാക്കിയത്. എന്നാൽ, മാസങ്ങൾക്കുമുമ്പ് 28 പ്രതിപക്ഷകക്ഷികൾചേർന്ന് 'ഇന്ത്യ' (ഇന്ത്യൻ നാഷണൽ ഡവലപ്മെന്റൽ ഇൻക്ലൂസീവ് അലയൻസ്) എന്ന പേരിൽ വിശാല രാഷ്ട്രീയ ഐക്യം രൂപവത്കരിച്ചപ്പോൾ ഒട്ടേറെ ഇന്ത്യാക്കാർ ആശ്വസിച്ചു. അതൊരു പുത്തൻ ജനാധിപത്യത്തിന്റെ ഉദയമായി അവർ വിശ്വസിച്ചു. രാജ്യത്തെയാകെ കുറേക്കാലമായി വീർപ്പുമുട്ടിച്ച ഏകാധിപത്യത്തിനും കോർപ്പറേറ്റ് ഭരണവ്യവസ്ഥിതിക്കുമുള്ള മറുപടിയും മറുമരുന്നുമായി 'ഇന്ത്യ'യെ അവർ സ്വപ്നം കണ്ടത് സ്വാഭാവികം. നിർഭാഗ്യമെന്നു പറയട്ടെ, ഈ ഐക്യമുന്നണിയിൽ വിള്ളലുകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു. അഞ്ചു സംസ്ഥാനങ്ങളിൽ നിയമസഭാതിരഞ്ഞെടുപ്പ് അതിന്റെ പാരമ്യത്തിലെത്തിനിൽക്കുമ്പോഴും, പാർലമെന്റുതിരഞ്ഞെടുപ്പിനു മാസങ്ങൾമാത്രം ബാക്കിനിൽക്കുമ്പോഴും ഇത്തരത്തിലുള്ള ചേരിതിരിവുകളും പടലപ്പിണക്കങ്ങളും ഉരുത്തിരിയുന്നത് ഒട്ടും ശോഭനമല്ല. അധികാരത്തോടുള്ള ആർത്തിയും സ്വാർഥചിന്തകളും വെറുപ്പിന്റെ രാഷ്ട്രീയം പടുത്തുയർത്തുമ്പോൾ വേരറുക്കപ്പെടുന്നത് ജനാധിപത്യത്തിന്റെ ശക്തിയും വികസനസ്വപ്നങ്ങളുമാണെന്ന് അതിനു കാരണക്കാരാകുന്നവർ ആരായാലും ഓർമിക്കുന്നതു നന്ന്.

അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാതിരഞ്ഞെടുപ്പുകളിൽ കോൺഗ്രസിന്റെ 'വല്യേട്ടൻകളി'ക്കു തടയിടാൻ 'ഇന്ത്യ' മുന്നണിക്കകത്തുതന്നെ കുറുമുന്നണിയുണ്ടാക്കിയിരിക്കുന്നുവെന്നതാണു പുതിയ അശുഭകരമായ വാർത്ത. രാജസ്ഥാൻ രാഷ്ട്രീയഗോദ ആദ്യപരീക്ഷണമെന്ന നിലയിൽ ശ്രദ്ധേയമാവുകയാണ്. സമാജ്വാദി പാർട്ടിയും(എസ്.പി.) ഇടതുകക്ഷികളും ചേർന്നാണു സംയുക്തമുന്നണിക്കു ധാരണയായിരിക്കുന്നത്. സീറ്റുചർച്ചകളിൽ തീർത്തും അവഗണിച്ച കോൺഗ്രസിന്റെ ഏകപക്ഷീയനീക്കത്തിനു തിരിച്ചടിസന്ദേശം നൽകുകയാണ് അവർ ലക്ഷ്യംവയ്ക്കുന്നതെന്നു വിലയിരുത്തപ്പെടുന്നു.

മധ്യപ്രദേശിൽ ജയസാധ്യതയുള്ള ആറു സീറ്റുകൾപോലും നൽകാത്തതിൽ എസ്.പി. അധ്യക്ഷൻ അഖിലേഷ് യാദവ് കോൺഗ്രസിനെതിരേ പരസ്യമായി രംഗത്തുവന്നിരുന്നു. കോൺഗ്രസ് സീറ്റ് നൽകാത്തതിനാൽ എസ്.പി. സ്വന്തം നിലയിൽ അവിടെ മത്സരത്തിനിറങ്ങിയിരിക്കുകയാണ്. പ്രശ്നം അവിടംകൊണ്ടൊന്നും തീരുന്നില്ല; മധ്യപ്രദേശിൽ ചെയ്തതിനു പ്രതികാരമെന്നോണം വരുന്ന ലോക്സഭാതിരഞ്ഞെടുപ്പിൽ ഉത്തർപ്രദേശിൽ കോൺഗ്രസിനെ അനുകൂലിക്കില്ലെന്ന സൂചനയും എസ്.പി. നൽകിക്കഴിഞ്ഞു. ലോക്സഭാ തിരഞ്ഞെടുപ്പിലെ നിർണായകസംസ്ഥാനമായ ഉത്തർപ്രദേശിൽ ബി.ജെ.പി.യ്ക്കെതിരേ യോജിപ്പുണ്ടാക്കാനായില്ലെങ്കിൽ 'ഇന്ത്യാ'മുന്നണിയെന്ന ആശയംതന്നെ അപ്രസക്തമായിത്തീരും.

കോൺഗ്രസിന്റെ ശ്രദ്ധ സംസ്ഥാനഭരണം പിടിച്ചെടുക്കുന്നതിലാണെന്നും ലോക്സഭാതിരഞ്ഞെടുപ്പിനു തന്ത്രങ്ങൾ മെനയുന്നതിൽ നേതൃത്വം വിമുഖത കാണിക്കുന്നെന്നും ബീഹാർ മുഖ്യമന്ത്രി നിതീഷ്കുമാറും ഈയിടെ അതൃപ്തി പ്രകടിപ്പിച്ചു രംഗത്തെത്തിയിരുന്നു. ഭോപ്പാലിലും നാഗ്പൂരിലും നടത്താനിരുന്ന 'ഇന്ത്യാ'റാലികൾ മാറ്റിവയ്ക്കേണ്ടിവന്നതും സഖ്യത്തിലെ അഭിപ്രായവ്യത്യാസങ്ങൾ കാരണമായിരുന്നു.

സങ്കുചിതത്വം വെടിഞ്ഞ് രാഷ്ട്രത്തിന്റെ വിശാലതാത്പര്യവും ജനാധിപത്യവും സംരക്ഷിക്കാൻ 'ഇന്ത്യാ'മുന്നണിയിലെ എല്ലാ കക്ഷികളും അരയും തലയും മുറുക്കി രംഗത്തിറങ്ങേണ്ട സന്ദർഭമാണിത്. 2024 ലെ തിരഞ്ഞെടുപ്പ് നിർണായകമാണെന്നിരിക്കേ, എല്ലാ കൂട്ടുകക്ഷികളെയും ഒരു കുടക്കീഴിൽ നിർത്താനുള്ള രാഷ്ട്രീയവിവേകവും പ്രതിബദ്ധതയും കോൺഗ്രസ് പ്രകടിപ്പിച്ചേ മതിയാകൂ. ■

## എഡിറ്റോറിയൽ ശ്രദ്ധേയം

ദീപനാളത്തിലെ വിഭവങ്ങളിൽ വളരെ ശ്രദ്ധേയമായത് എഡിറ്റോറിയൽതന്നെ. ആനുകാലികപ്രശ്നങ്ങൾ വർണാങ്കിതമാക്കലല്ല മൂല്യാധിഷ്ഠിതപത്രപ്രവർത്തനം. മാനുഷികമൂല്യങ്ങൾ എവിടെ ചോർന്നുപോകുന്നുവോ അവിടെ പടവാളുയർത്തുന്നതാണു പത്രധർമം.

ദീപനാളത്തിലെ എഡിറ്റോറിയലിൽനിന്നറിയാം പത്രധർമം! മദ്യപാനാസക്തിയിൽ അധിഷ്ഠിതമായ കുറ്റവാസനകളെ ഭരണകൂടത്തിന് എങ്ങനെ നിയന്ത്രിക്കാൻ കഴിയും?

ഭരണാധികാരികളിലും ഉദ്യോഗസ്ഥരിലും എത്ര ശതമാനം മദ്യപരുണ്ട്? മദ്യം നിറുത്തലാക്കാൻ ഇടതുപക്ഷസർക്കാരിനു കഴിവുണ്ടോ? മദ്യവിപണനം വരുമാനമാർഗമായി കാണുന്ന സർക്കാർ കമ്യൂണിസ്റ്റുഭരണകൂടമെന്നു പറയാനാവുമോ?

ഇളംതലമുറയെ ഇരുട്ടറയിലേക്കു നയിച്ചുകൊണ്ടിരിക്കുന്ന ഒരു ഭരണകൂടത്തെ എന്തിനു വളർത്തണം? ചോദ്യം മുതിർന്ന തലമുറയുടേതാണ്.

**ടി.എ. സെബാസ്റ്റ്യൻ**
**ഓമനപ്പുഴ**



**പ്രതികരണം**

## സാഹചര്യം നിർബന്ധിക്കുന്നു

പരിസ്ഥിതി സംരക്ഷിക്കണം എന്ന ആശയത്തോട് ആർക്കും വിയോജിപ്പുണ്ടെന്നു തോന്നുന്നില്ല. എന്നാൽ, ചില സാഹചര്യങ്ങൾ സ്വന്തം വീട്ടുമുറ്റത്തെ തെങ്ങും തേക്കുമൊക്കെ വെട്ടാൻ നമ്മെ നിർബന്ധിക്കുന്നു. വീടു വയ്ക്കാൻ നേരം വീതം കിട്ടിയ പത്തുസെന്റിന്റെ ഒത്ത നടുക്ക് ഒരു മരം നിന്നാൽ അതു മുറിച്ചുനീക്കാതെ തരമില്ല. അപ്പൻ ഓമനിച്ചു വളർത്തിയതാണെന്നു പറഞ്ഞിട്ടു കാര്യമുണ്ടോ? ഇങ്ങനെ എത്ര പത്തു സെന്റുകളിലാണ് പുതിയ വീടുകൾ ഉയരുന്നത്? ഇതുതന്നെയല്ലേ സർക്കാരും ചെയ്യുന്നത്? വഴിക്കു വീതി വേണമെങ്കിൽ കയ്യാല പൊളിച്ചേ പറ്റൂ. ഇടവഴിത്തൊണ്ടുപോലും നമുക്കു ടാറിടണം. വെള്ളം ഭൂമിയിലിറങ്ങാൻ ഇട കുറയുമെന്നു കണ്ട് ആരെങ്കിലും അതു വേണ്ടെന്നു വയ്ക്കുന്നുണ്ടോ?

**തോമസ് സെബാസ്റ്റ്യൻ**
**ആലക്കോട്**

## സ്മരണാഞ്ജലി



ദീപനാളത്തിന്റെ സ്ഥാപകപിതാവും പാലാ രൂപതയുടെ പ്രഥമമെത്രാനുമായ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി ദിവംഗതനായിട്ട് നവംബർ 21 ന് 37 വർഷം പൂർത്തിയാകുന്നു. അദ്ദേഹത്തിന്റെ ദീപ്തസ്മരണയ്ക്കുമുമ്പിൽ ദീപനാളം കുടുംബാംഗങ്ങളുടെ ആദരപൂർവകമായ കൂപ്പുകൈ.

## യാത്രാമംഗളങ്ങൾ



ദീപനാളം അസോസിയേറ്റ് എഡിറ്റർ, സെന്റ് തോമസ് പ്രസ് അസിസ്റ്റന്റ് മാനേജർ എന്നീ നിലകളിൽ മൂന്നു വർഷത്തോളം സേവനമനുഷ്ഠിച്ചശേഷം വലവൂർ സെന്റ് മേരീസ് പള്ളി വികാരിയായി സ്ഥലം മാറിപ്പോകുന്ന ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിലിന് നന്ദിയും പ്രാർഥനാശംസകളും.

## ചിന്തോദ്ദീപകമായ ലേഖനം

ഫ്രാൻസീസ് പാപ്പായുടെ ലൗദാത്തെ ദേവും എന്ന പുതിയ അപ്പസ്തോലികപ്രബോധനത്തിന്റെ പശ്ചാത്തലത്തിൽ ഭൂമി അഭിമുഖീകരിക്കുന്ന പരിസ്ഥിതിപ്രത്യാഘാതങ്ങളെക്കുറിച്ച് ടി. ദേവപ്രസാദ് തയ്യാറാക്കിയ ലേഖനം ചിന്തോദ്ദീപകവും കാലികപ്രസക്തവുമായിരുന്നു.

പ്രകൃതിയുടെമേൽ മനുഷ്യൻ ഏല്പിക്കുന്ന ആഘാതങ്ങൾ അവനുതന്നെ വിനയായിത്തീരുന്നുവെന്ന യാഥാർഥ്യത്തെ ഉൾക്കൊള്ളാൻ മനുഷ്യൻ ഇനിയും മനസ്സായിട്ടില്ല. എല്ലാവരും പ്രകൃതിസ്നേഹത്തെക്കുറിച്ചു വാചാലരാകും. എന്നാൽ, സ്വന്തം കാര്യം വരുമ്പോൾ പ്രകൃതിയുമില്ല; പരിസ്ഥിതിയുമില്ല. പത്തുസെന്റുകാരനും അതു നിറച്ച് കോൺക്രീറ്റ്സൗധം പണിയാനാണ് ഉത്സാഹിക്കുന്നത്.

**സാബു ജോസഫ്**
**കൊച്ചി**

# സസ്യങ്ങളും ജീവിതസമരത്തിൽത്തന്നെ



ദിനു ദിലീപ്

സസ്യങ്ങൾ ജൈവലോകത്തിലെ ഏറ്റവും ബുദ്ധിയുള്ള വർഗമാണോ? അവയ്ക്കു ചിന്തിച്ചു പ്രവർത്തിക്കാനുള്ള കഴിവുണ്ടോ?

സസ്യങ്ങൾക്കു ബുദ്ധിയും അതിനപ്പുറമുള്ള ബോധവും ഉണ്ടെന്ന് സസ്യശാസ്ത്രഗവേഷകർ അടുത്തകാലത്തു സ്ഥിരീകരിച്ചു. അവയ്ക്കു വേദന അനുഭവപ്പെടുകമാത്രമല്ല, സസ്യങ്ങൾ അവയുടെ പരിസ്ഥിതിയെ ഒരുപക്ഷേ, അതിബുദ്ധിമാനായ മനുഷ്യനെക്കാൾ സങ്കീർണമായ രീതിയിൽ മനസ്സിലാക്കുകയും പ്രതികരിക്കുകയും ചെയ്യുന്നുവെന്നും കണ്ടെത്തി. ന്യൂറോണുകളോ നാഡീവ്യൂഹമോ ഓർമ സൂക്ഷിക്കാൻ തലച്ചോറിനു സമാനമായ കഴിവോ ഇല്ലാത്തതുകാരണം സസ്യങ്ങളെ മനുഷ്യൻ ജന്തുക്കളിലും താഴെയായി കാണുന്നു. ഒരുപക്ഷേ, മനുഷ്യന്റെ മസ്തിഷ്കബുദ്ധിക്ക് അപ്പുറമാകാം ജന്തുലോകത്ത് സസ്യങ്ങളുടെ നിലനിൽപ്പിന്റെ അടിസ്ഥാനം.

എന്താണു ജീവൻ? ജീവന്റെ ജീവിതത്തിന്റെ അടിസ്ഥാനതത്ത്വം എന്താണ്? ഇതിന്റെയൊക്കെ അടിസ്ഥാനമെന്താണ്? ജൈവം - അജൈവം, സ്ഥൂലം - സൂഷ്മം, ദ്രവ്യം - പ്രതിദ്രവ്യം, ജന്തു - സസ്യജാലം, മൂലകങ്ങൾ, അവയുടെ ഖര, വാതക, ദ്രാവകരൂപാന്തരങ്ങൾ, അടിസ്ഥാന ബലാബലങ്ങൾ ഇതൊക്കെ നിർവചിക്കപ്പെടുന്നതും അടിസ്ഥാനപ്പെടുത്തുന്നതും മനുഷ്യബുദ്ധിയുടെയും അറിവിന്റെയും പരിമിതികളിൽനിന്നുകൊണ്ടുമാത്രമാണ്. മനുഷ്യൻ അജൈവം എന്നു കരുതുന്നതു ജൈവം ആയിക്കൂടേ? ദ്രവ്യം അല്ല എന്നു കരുതുന്നത് ദ്രവ്യം ആയിക്കൂടേ? ബുദ്ധിയില്ല എന്നു കരുതുന്നവയ്ക്കു ബുദ്ധി ഉണ്ടായിക്കൂടേ? വൈറസ് ജൈവമോ അജൈവമോ? എന്താണ് നിർവചനം? കുമിൾ സസ്യമോ ജന്തുവോ? കൃത്യമല്ലാത്ത, തൃപ്തികരമല്ലാത്ത ഉത്തരങ്ങൾമാത്രമേ ഇവയ്ക്കു തരാൻ ശാസ്ത്രത്തിനു കഴിവുള്ളൂവെങ്കിൽ മനുഷ്യന്റെ അറിവിനും ചിന്തകൾക്കും വിശ്വാസങ്ങൾക്കും അപ്പുറമാണ് ജീവന്റെ രഹസ്യം.

ജീവൻ, പ്രപഞ്ചം, ജീവിതം ഇവയുടെയൊക്കെ അടിസ്ഥാനം മനുഷ്യൻ അവന്റെ ഹിതത്തിനും നിലനില്പിനും അനുസരിച്ചു നിശ്ചയിക്കുന്നു. സൃഷ്ടി, സ്ഥിതി, നാശം എന്നീ മൂന്ന് അവസ്ഥകളാണ് എന്തിലും ഏതിലും കാണാൻ സാധിക്കുന്നത്. ഏതു ജീവജാലവും അവയുടെ പരമ്പര നിലനിർത്താൻ ശ്രമിക്കുന്നു. അതിനുള്ള തടസ്സം മറികടക്കാൻ പ്രതിരോധങ്ങൾ ആർജിക്കാനും അടുത്ത തലമുറയ്ക്കു കൈമാറാനും ശ്രമിക്കുന്നു. ഒരു ജീവവർഗ്ഗം മറ്റുള്ളവയുടെ നിലനില്പിന് ആഹാരമോ കാരണമോ ആകുന്നു. സസ്യങ്ങളിലും ജന്തുക്കളിലും ജനിതകരഹസ്യമായി കാലാകാലങ്ങളായി പരിണാമങ്ങളിലൂടെ ജനിതക കൈമാറ്റം ചെയ്യപ്പെട്ട പ്രതിരോധസംവിധാനം നിലനിൽക്കുന്നു. അടുത്ത തലമുറയുടെ നിലനില്പിനുവേണ്ടി അവ കൈമാറ്റം ചെയ്തു ജീവിതസമരം നടത്തുന്നു.



സസ്യങ്ങൾക്കു മസ്തിഷ്കം ഇല്ലായിരിക്കാം, പക്ഷേ, അവയ്ക്കും ജീവികൾക്കു സമാനമായ ഒരുതരം നാഡീവ്യവസ്ഥയുണ്ട്. ഒരു ഇല തിന്നുമ്പോൾ, മൃഗങ്ങളുടെ അതേ സിഗ്നലുകൾ ഉപയോഗിച്ച് മറ്റ് ഇലകൾക്കു മുന്നറിയിപ്പു നൽകുന്നു. ഒരു ചെടിയുടെ വിവിധ ഭാഗങ്ങൾ പരസ്പരം അതിശയകരമായി ആശയവിനിമയം നടത്തുന്നു.

ഒരു സസ്യത്തിന്റെ ഇലയോ പൂവോ കായോ പറിക്കുകയോ ജീവികൾ കടിക്കുകയോ ചെയ്താൽ ആക്രമിക്കപ്പെട്ട സസ്യഭാഗം മറ്റ് ഇലകൾക്കും സസ്യഭാഗത്തിനും മുന്നറിയിപ്പു നൽകുന്നു. അതേപോലെ പരിസ്ഥിതി, കാലാവസ്ഥാമാറ്റങ്ങൾ എന്നിവയെ എല്ലാം നേരിടാനും അതിജീവിക്കാനും ആവശ്യമായ സിഗ്നൽ സംവിധാനം സസ്യങ്ങൾക്കുണ്ട്. പിന്നീടുണ്ടാകുന്ന സമാനപ്രതിഭാസങ്ങളെ ചെറുക്കാൻ സസ്യങ്ങളെ സിസ്റ്റമിക് സിഗ്നലിങ് സഹായിക്കുന്നു.

സിസ്റ്റമിക് സിഗ്നലിങ് എന്ന ജൈവരാസപ്രവർത്തനം സസ്യകോശങ്ങളിൽ കാൽസ്യ അയോണുകളുടെ വ്യതിയാനം സൃഷ്ടിക്കുകയും തുടർന്ന് ആർ ഒ എസ് (ROS) എന്ന ഗ്ളൂറ്റാമിൻ അടിസ്ഥാന എൻസൈം നിർമിക്കുകയും ചെയ്യുന്നു. കോശങ്ങളിൽ അധികമായി ഉണ്ടാക്കുന്ന ആർ ഒ എസ് കോശങ്ങളിൽനിന്നു കോശങ്ങളിലേക്ക് അതിവേഗം സഞ്ചരിക്കുകയും സമാനപ്രവർത്തനങ്ങൾ ആവർത്തിക്കുകയും ചെയ്യുന്നു. കാൽസ്യം അയോണുകൾ ഒരു തരംഗംപോലെ ഒരു കോശത്തിൽനിന്നു അവസാനകോശംവരെ സഞ്ചരിക്കുന്നു. ആർ ഒ എസ് നിർമാണം എല്ലാ കോശങ്ങളിലും നടക്കുന്നതുവരെ ഇതു തുടരും. ഓരോ ബാഹ്യശക്തിക്കുമെതിരേ ജന്തുജാലങ്ങളിലെ ആന്റിബോഡിക്കു സമാനമായി ആർ ഒ എസ് പ്രവർത്തിക്കുന്നുവെന്നു പറയാം. സമാനരീതിയിൽ അമിനോ ആസിഡ് ബേസ് ആയ ഗ്ളൂറ്റാമിൻതന്നെയാണ് ജന്തുകളിലെ നാഡീവ്യവസ്ഥയിൽ സിഗ്നൽ കൈമാറ്റം സാധ്യമാക്കുന്നത്.

സഞ്ചരിക്കുന്ന ജീവജാലങ്ങളെക്കാൾ അതിജീവനം നേടേണ്ടതും വംശനാശം വരാതെ നോക്കാൻ ബുദ്ധിമുട്ടുള്ളതും സസ്യലോകത്തിനാണ്. വെള്ളപ്പൊക്കം, വരൾച്ച, കാട്ടുതീ, മഴ, മഞ്ഞ്, കീടങ്ങൾ, സൂക്ഷ്മാണുക്കൾ, രോഗങ്ങൾ തുടങ്ങിയവയെയൊക്കെ ചലിക്കാനാകാത്ത ഒരു ജൈവജാലം എങ്ങനെ നേരിടും? എങ്ങനെ തലമുറ നിലനിർത്തും? ഇതെല്ലാം സസ്യങ്ങൾക്കു സാധിക്കുന്നു. സസ്യങ്ങളുടെ ബുദ്ധി, ഓർമ, പരസ്പര വിവരവിനിമയ സാങ്കേതികത തുടങ്ങിയവയൊക്കെ ചുരുളഴിയാത്ത രഹസ്യമായി നിലനില്ക്കുന്നു.

(തുടരും)

# എവിടെയാണു നമ്മുടെ 'ക്രിസ്റ്റ്യാനിറ്റി'?



മേഴ്സിക്കുട്ടി എബ്രാഹം

നാം പല ആഘോഷങ്ങളും നടത്താറുണ്ട്. ക്ഷണിക്കപ്പെടുന്നവരെ ആദരവോടെ സ്വീകരിച്ചു സൽക്കരിക്കാറുമുണ്ട്. എന്നാൽ, ഈയടുത്ത കാലത്ത് ഒരു മരണവീട്ടിൽ പോകാൻ ഇടയായി. അവിടെ എല്ലാവർക്കും കയറിച്ചെല്ലാമല്ലോ. സാമാന്യം നല്ല വീടും സൗകര്യങ്ങളും.... കയറിച്ചെന്നപ്പോൾത്തന്നെ മരിച്ചുകിടക്കുന്ന ഗൃഹനാഥന്റെ മക്കൾ ആളുകളെ സ്വീകരിക്കാൻ മുറ്റത്തുനിൽക്കുന്നു. വരുന്ന ആളുകളുടെ ഗ്രേഡ് അനുസരിച്ച് സ്വീകരിച്ച്, മരിച്ചുകിടക്കുന്ന അപ്പന്റെ ശവപ്പെട്ടിക്കടുത്തേക്കു കൊണ്ടുപോകുന്നു. മുകളിൽ ഞാൻ സൂചിപ്പിച്ച 'ഗ്രേഡ്' എന്നതിന്റെ അർഥം പണക്കാർ, പാവപ്പെട്ടവർ എന്നതാണ്. മൃതദേഹം കിടത്തിയിരിക്കുന്ന മുറി മുഴുവൻ പൂക്കൾകൊണ്ട് അലംകൃതം. പണം നല്ലപോലെ ചെലവഴിച്ചിട്ടുണ്ടെന്ന് ഒറ്റനോട്ടത്തിൽത്തന്നെ വ്യക്തം. ഈ ഗൃഹനാഥനെ എനിക്കു നേരിട്ടറിയാം. മണ്ണിൽ അധ്വാനിച്ചുജീവിച്ച വ്യക്തിയാണ്. പ്രായമായപ്പോൾ 'അപ്പൻ ഇനി പണിയണ്ടാ'യെന്ന് മക്കൾ ഓർഡർ നൽകി. അതോടെ പണിയൊന്നും ചെയ്യാതായി. രോഗം വന്നു, മരിക്കുകയും ചെയ്തു.

ആർഭാടങ്ങൾ അതിരുകടക്കുന്നുവോയെന്നു നമ്മൾ ചിന്തിക്കണം. അപ്പൻ ജീവിച്ചിരുന്ന കാലത്തു നല്ല ചികിത്സ നൽകിയോ? നല്ലതുപോലെ സംരക്ഷിച്ചോ? വാർധക്യകാലത്ത് സ്നേഹത്തോടെ ചേർത്തുപിടിച്ചു ശുശ്രൂഷിച്ചോ? ഇതെല്ലാം മക്കൾ ആലോചിക്കണം. ഞാൻ ചിന്തിക്കുകയായിരുന്നു; ഈ മരിച്ചുകിടക്കുന്ന വ്യക്തിയുടെ പിറന്നാളോ വിവാഹവാർഷികമോ മക്കൾ എന്നെങ്കിലും ആഘോഷിച്ചിട്ടുണ്ടോ? ഒരു പൂവെങ്കിലും സ്നേഹത്തോടെ അപ്പന്റെയും അമ്മയുടെയും കൈയിൽ നൽകിയിട്ടുണ്ടോ? പിന്നെന്തിനാണ് ഇപ്പോൾ ഒരു മുറി മുഴുവൻ പൂക്കൾ!

നമ്മുടെ പല ചെയ്തികളും വിചിന്തനം ചെയ്യണം. ആഘോഷങ്ങളൊന്നും അതിരുകടക്കരുത്. 'ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തികൾക്കനുസരിച്ചു പ്രതിഫലം നൽകപ്പെടു'മെന്നു വിശുദ്ധ വേദപുസ്തകം സാക്ഷിക്കുന്നുണ്ട്. എന്തെല്ലാം 'ഷോ' കാണിച്ചാലും കർത്താവിനു മനുഷ്യമനസ്സിനെ സൂക്ഷ്മമായി വീക്ഷിക്കാൻ കഴിയുമെന്നു മറക്കാതിരിക്കാം. പെട്ടിയിൽ കിടക്കുന്ന മനുഷ്യന്റെ സഹോദരങ്ങളാരും വീട്ടിൽ വന്നിട്ടില്ല. എന്തോ പിണക്കമാണെന്ന് എന്നോട് ആരോ പറഞ്ഞു. ചേട്ടന്റെ മക്കൾ സഹോദരങ്ങളോടു നേരിട്ടു മരണവിവരം പറഞ്ഞില്ലപോലും! എത്ര അർഥശൂന്യമായ ന്യായീകരണം! സഹോദരങ്ങളുടെ ചേട്ടനായതിനുശേഷമാണ് മക്കളുടെ അപ്പനായത്. മക്കളോടുള്ള പിണക്കംകൊണ്ട് വീട്ടിൽ വന്നില്ല; ശവസംസ്കാരത്തിന് പള്ളിയിൽ വന്നു. എന്നാൽ, സഹോദരങ്ങൾ എല്ലാവരും വലിയ ഭക്തരുമാണ്. എല്ലാദിവസവും പള്ളിയിൽ പോകും, വിശുദ്ധകുർബാന സ്വീകരിക്കും. എവിടെയാണു നമ്മുടെ 'ക്രിസ്റ്റ്യാനിറ്റി' എന്നു ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.



മക്കൾക്കു ശരിയായ വിശ്വാസവും കുടുംബസ്നേഹവും കൊടുത്തു വളർത്താൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. അമ്മയുടെ വീടും അപ്പന്റെ വീടും ഒരുപോലെയാണെന്നും അമ്മയുടെയും അപ്പന്റെയും സഹോദരങ്ങളെയും ബന്ധുക്കളെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്നും പഠിപ്പിക്കണം. നമ്മൾ വെറുതെ പാഴാക്കിക്കളയുന്ന പണം മതിയല്ലോ ഇവരെയെല്ലാം വർഷത്തിലൊരു തവണ വീട്ടിലേക്കു ക്ഷണിക്കാനും ഒരു ചായയും ബിസ്കറ്റും അതുവഴി നൽകാനും ബന്ധങ്ങൾ കാത്തുസൂക്ഷിക്കാനും.

പ്രായമായ മാതാപിതാക്കളുടെ ജന്മദിനവും വിവാഹദിനവുമെല്ലാം ചെറുതായെങ്കിലും ആഘോഷിക്കുക. ചിലപ്പോൾ മാതാപിതാക്കൾ ഇതെല്ലാം മറന്നുപോയിട്ടുണ്ടാവും. പക്ഷേ, മക്കൾ മറക്കരുതേ! മരിച്ചുകിടക്കുമ്പോൾ, നിങ്ങൾ ആഘോഷങ്ങൾ നടത്തിയാൽ മാതാപിതാക്കൾ അത് അറിയുന്നില്ലെന്നും ഓർമിക്കുക.

കൊച്ചുമക്കളോട് അപ്പന്റെയും അമ്മയുടെയും നന്മ പറഞ്ഞുകൊടുക്കണം. പ്രായമായവരെപ്പറ്റി മോശം പറഞ്ഞിട്ട് എന്തു നേടാനാണ്? വല്യമ്മച്ചിയുടെയും അപ്പച്ചന്റെയും അടുത്തിരുന്ന് അവരുടെ പഴയ കാര്യങ്ങൾ കേൾക്കാൻ കൊച്ചുമക്കൾക്കു വലിയ ഇഷ്ടമാണ്. പറയാൻ അവർക്കും ഇഷ്ടമാണ്. ഏതൊക്കെ സിലബസ് അനുസരിച്ച് കുട്ടികൾ പഠിച്ചാലും വല്യപ്പനും വല്യമ്മയും കഴിഞ്ഞുള്ള അധ്യാപകരും സിലബസും മാത്രമേയുള്ളൂ എന്നതാണു വാസ്തവം.

കേരളത്തിൽനിന്ന് ഉയർന്ന വിദ്യാഭ്യാസം നേടി വിദേശരാജ്യങ്ങളിൽ ചെല്ലുന്ന പലരും ചായക്കടയിൽ കാപ്പിയെടുക്കുന്നതും തക്കാളിത്തോട്ടങ്ങളിൽ ജോലിയെടുക്കുന്നതും റോഡു വൃത്തിയാക്കുന്നതുമൊക്കെ ഞാൻ കണ്ടിട്ടുണ്ട്. ജോലികളെല്ലാം മാന്യത ഉള്ളതാണ്. എന്നാൽ, ഈ ജോലികളൊന്നും നമ്മുടെ നാട്ടിൽ ആയിരിക്കുമ്പോൾ ഇവർ ചെയ്യുകയുമില്ല. ആയതിനാൽ നാം ആദ്യമേതന്നെ നമ്മുടെ മക്കളെ അവർക്കു ചെയ്യാവുന്ന പണികളൊക്കെ ചെറുപ്പത്തിൽത്തന്നെ ചെയ്തു ശീലിപ്പിക്കണം. സ്വന്തം വല്യപ്പനെയും വല്യമ്മയെയും കുടുംബത്തെയും സ്നേഹിക്കാൻ പഠിപ്പിക്കണം. ■

പാപ്പച്ചൻ കടമക്കുടി

നോവൽ 2



# ചക്രവർത്തിനി

അതിസുന്ദരമായ കവിതപോലെ സൂര്യതേജസ്സിൽ തിളങ്ങുന്ന കൊട്ടാരം. പ്രൗഢഗംഭീരമെന്നും വർണശബളമെന്നും വെറുതെയങ്ങു പറഞ്ഞുപോകുന്നതുപോലെയല്ല.

ഈ മണിമാളിക അക്ഷരാർത്ഥത്തിൽത്തന്നെ ആകർഷകമാണ്.

ആകാശംമുട്ടെ തലയെടുപ്പോടെ ഉയർന്നുനിൽക്കുകയാണ് അതിന്റെ താഴികക്കുടങ്ങൾ. വൈഡൂര്യം. മുത്ത്, പവിഴം, മരതകം തുടങ്ങിയ രത്നങ്ങളും സ്ഫടികങ്ങളും പതിച്ചതാണു വാതിലുകളും ജനലുകളും. ലബനനിൽനിന്നുള്ള ദേവതാരുവും ഈജിപ്തിൽനിന്നുള്ള കരിന്താളിമരവും ഹിന്ദ് ദേശത്തിലെ കരിവീട്ടിയും തേക്കും എത്യോപ്യയിലെ ആനക്കൊമ്പും കൊണ്ട് കടഞ്ഞെടുത്തതാണ് ഓരോ വസ്തുവും. കൊത്തുപണികളെല്ലാം കണ്ണഞ്ചിപ്പിക്കും വിധം സ്വർഗീയസുന്ദരം.

മട്ടുപ്പാവിലെ അരഭിത്തികളിൽ രാത്രികാലങ്ങളിൽ നിലാവുവന്നു ചുംബിക്കുമ്പോൾ ഉണർന്നുലയുന്ന മൃദുകിരണാവലികളുടെ വിസ്മയക്കാഴ്ചകൾ ആസ്വദിക്കാൻ മഹാരാജാവ് പട്ടമഹിഷിയോടൊപ്പം അവിടെ ഉലാത്താറുണ്ട്.

കൊട്ടാരത്തിനു ചുറ്റിലും കുതിരപ്പടയാളികൾ, കാലാളുകൾ എന്നിവരുടെ കർശനമായ കാവലുണ്ട്. കൊട്ടാരപാതയുടെ ഇരുവശങ്ങളിലും ഹൃദയം ത്രസിപ്പിക്കുന്ന അഴകുള്ള പൂവാടികളാണ്, ഏദൻതോട്ടം പോലെ പ്രകൃതിരമണീയം.

അതിനുമപ്പുറത്ത് താമരപ്പൂക്കൾ വിരിഞ്ഞുല്ലസിച്ച് കാറ്റിലാടിക്കളിക്കുന്ന പൊയ്ക. അതിനുള്ളിൽ നീന്തിത്തുടിക്കുന്ന രാജഹംസങ്ങൾ. മരങ്ങളിൽ പാറിക്കളിച്ച് കളിമ്പങ്ങൾ ചിലമ്പുന്ന കിളിക്കൂട്ടങ്ങൾ.

അഹസ്വേരുസ് ചക്രവർത്തി പട്ടമഹിഷി വാഷ്തിരാജ്ഞിയും പരിവാരങ്ങളും സമേതം ചില സന്ധ്യാനേരങ്ങളിൽ ഈ പൂന്തോട്ടങ്ങളിൽ ചെലവഴിക്കാറുണ്ട്. സായാഹ്നം കഴിയുമ്പോൾ നർത്തകിമാരും ഗായകരും അടങ്ങുന്ന കലാകാരന്മാരുടെ സംഘം രാജദമ്പതികളെ ആനന്ദത്തിലാറാടിക്കുന്ന രംഗവേദിയുണ്ട് ഈ പൂന്തോട്ടങ്ങളിലും.

രാജകൊട്ടാരത്തിന്റെ ഇടതുവശത്തെ പൂവാടികൾക്കപ്പുറത്താണ് വാഷ്തി മഹാറാണിയുടെ അന്തപ്പുരം സ്ഥിതിചെയ്യുന്ന അരമന. അനേകം ഷണ്ഡന്മാരും അടിമകളും അകമ്പടിസേവിക്കാറുള്ള രാജ്ഞിയുടെ വാസസ്ഥലവും അതീവഹൃദ്യമാണ്.

രാജകൊട്ടാരത്തിനും രാജ്ഞീമന്ദിരത്തിനും ഇടയിൽ ധാരാളം ചിത്രപ്പണികളുള്ള മുറികളുമായി ഉയർന്നുനിൽക്കുന്ന ഒരു ഇരുനിലമണിമാളിക കാണാം. ഈ മന്ദിരത്തിലാണ് രാജാവിന്റെ ഉപനാരികൾ താമസിക്കുന്നത്.

കൊട്ടാരസദൃശമായ ആ മാളികയിലും അടിമസ്ത്രീകളും ദാസിമാരും ഷണ്ഡന്മാരും ഓരോ ഉപനാരിക്കുമായി പ്രത്യേകം പ്രത്യേകം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

കൊട്ടാരവാതിൽക്കൽ കാവൽ നില്ക്കുന്നവരിൽ പ്രധാനികൾ ബിഗ്താൻ, തേരെഷ് എന്നീ ഷണ്ഡന്മാരാണ്. കൊട്ടാരത്തിലെ പുറംപണിക്കാരനായ മൊർദെക്കായി അവരോടൊത്താണു ജോലിചെയ്യുന്നത്. ബാബേൽരാജാവായ നെബുക്ക്ദനേസർ യൂദാരാജാവായ യക്കോണിയയോടൊപ്പം ജെറുസലേമിൽനിന്നു പിടിച്ചുകൊണ്ടുവന്ന പ്രവാസികളിൽ ഒരാളാണ് മൊർദെക്കായ്.

ബെഞ്ചമിൻഗോത്രത്തിൽ പിറന്നവൻ. മുതുമുത്തച്ഛൻ ആയ കിഷിന്റെയും മുത്തച്ഛനായ ഷിമെയിയുടെയും പിതാവായ ജായിറിന്റെയും പിൻതലമുറക്കാരനായ യുദ്ധത്തടവുകാരൻ.

ദീർഘകാലത്തെ കഷ്ടനഷ്ടങ്ങൾക്കുശേഷം സ്വപ്രയത്നം കൊണ്ടാണ് ഇപ്പോഴത്തെ ചക്രവർത്തിയുടെ കാരുണ്യം മൊർദെക്കായുടെ മേൽ പതിഞ്ഞത്. യഹൂദനായിരുന്നിട്ടും അഹസ്വേരുസ് രാജാവാണ് മൊർദെക്കായിയെ കൊട്ടാരത്തോടനുബന്ധിച്ചുള്ള ജോലികളിൽ നിയമിച്ചത്.

കത്തിക്കാളുന്ന വെയിലുള്ള



ഒരുച്ചസമയം. മൊർദെക്കായ് മുറ്റത്ത് കൊട്ടാരവാതിലിനടുത്ത് തണലുള്ള ഒരിടത്ത് ചെറിയൊരു പീഠത്തിൽ ഇരിക്കുകയാണ്. ഉച്ചഭക്ഷണത്തിന്റെ ഭാരം കണ്ണുകളിലേക്ക് എത്തുന്നുമുണ്ട്. തല നേരേനിൽക്കുന്നില്ല, കണ്ണടഞ്ഞുപോകുന്നു.

മൊർദേക്കായി പീഠത്തിൽ ഇരുന്ന് തലചായിച്ചു. കൊട്ടാരക്കെട്ടിന്റെ മതിലിലാണ് തല വിശ്രമിക്കുന്നത്. അറിയാതെ അയാളുടെ കണ്ണുകൾ അടഞ്ഞുപോയി. നിദ്രവന്ന് മൃദുലമായി തടവി. കൺപീലികൾ മുറുകെ അടഞ്ഞു. കൊട്ടാരവും പരിസരവുമെല്ലാം അതീവനിശ്ശബ്ദതയിൽ മുങ്ങി.

പെട്ടെന്ന് ഭൂമി ഇളകിമറിഞ്ഞു. എങ്ങും ബഹളം. ജനങ്ങൾ സംഭ്രാന്തരായി. എങ്ങോട്ടെന്നില്ലാതെ ഓടുകയാണ്. ആകാശങ്ങളിൽനിന്നും ഭൂമിയെ കിടുകിടെ വിറപ്പിക്കുന്ന ഇടിമുഴക്കങ്ങളും മിന്നൽപ്പിണറും.

സമുദ്രങ്ങൾ അലറിത്തുള്ളിത്തിളയ്ക്കുന്നു. പേമാരിയും കൊടുങ്കാറ്റും.

വീശിയടിക്കുന്ന ഭീകരമായകാറ്റിൽ ഭൂമി പ്രകമ്പനം കൊള്ളുന്നു.

ആ പേടിപ്പെടുത്തുന്ന ഇരുട്ടിന്റെ ഉള്ളിൽനിന്ന് അട്ടഹാസം ഉയർന്നു. അതോടൊപ്പം മുന്നിലേക്കലറിക്കൊണ്ട് പാഞ്ഞടുക്കുകയാണ് രണ്ടു ഭീകരജീവികൾ.

ആ ഭീകരസത്വങ്ങളുടെ ആക്രോശം കണ്ടുംകേട്ടും ഭയന്നുവിറച്ച സാധാരണജനങ്ങൾ അവയുടെ പിന്നിൽത്തന്നെ ചേർന്നു നില്ക്കുന്നു. സത്വങ്ങളും ഒപ്പം കൂടിച്ചേർന്നവരും യുദ്ധസന്നദ്ധരായി മുന്നോട്ടു കുതിക്കാൻ തുടങ്ങി. നീതിമാന്മാരായ ജനങ്ങളുടെ നേരേ തിന്മയുടെ തേരോട്ടം ആരംഭിക്കുകയായി.

നന്മയെ തിന്മ വിഴുങ്ങിക്കളയുമോ?

നിരാശയും കഷ്ടതയും ദുരിതങ്ങളും പീഡനങ്ങളും കെട്ടുപിണഞ്ഞ കലാപത്തിന്റെ ഇരുണ്ട രാത്രി ഭൂമിയെ കീഴ്പ്പെടുത്തുകയാണ്. സത്യധർമങ്ങളെ പിൻപറ്റിയവർ സങ്കടത്തിലാഴുന്നു.

ജീവിതത്തിനു മുഴുവൻ ഭീഷണിയുമായി ആർത്തുവരുന്ന ദുഷ്ടശക്തികളെ എല്ലാ ജനങ്ങളും ഭയത്തോടെ ശ്രദ്ധിച്ചു. അവർ മരണത്തിന്റെ ഭയാനകമായ ഗർത്തത്തിന്റെ വക്കിലാണ്.

ഗത്യന്തരമില്ലാതായപ്പോഴാണ് സ്രഷ്ടാവിനെ ഓർത്തത്.

ജനതതിയുടെ നൊമ്പരങ്ങളിൽനിന്നും ഒഴുകിവീണ അശ്രുകണങ്ങൾ ഒന്നിച്ചുചേർന്ന് ഒരുറവയുണ്ടായി.

ഒഴുകിയൊഴുകി അതൊരരുവിയായി, പുഴയായി, മഹാനദിയായി.

പിന്നീടത് കൂലംകുത്തി തിരതല്ലിപ്പായാൻ തുടങ്ങി.

അന്നേരമാണ് കിഴക്കൻമലകളിൽ ഉദയസൂര്യന്റെ കിരണങ്ങൾ വന്നെത്തിനോക്കിയത്.

വെളിച്ചത്തിന്റെ വെളിപാടിൽ അന്ധകാരത്തിന്റെ പൊടിപോലും കാണാതായി. ഇരുളിൽനിന്നു പ്രകാശത്തിലേക്ക്, അസത്യത്തിൽനിന്നും സത്യത്തിലേക്ക് മൃതിയിൽനിന്നു ജീവനിലേക്ക്.

ആ പ്രകാശരശ്മികൾ മുഖത്തുവന്ന് നേരെ പതിക്കുകയാണ്. കണ്ണുകളിലേക്കത് തുളച്ചുകയറുന്നു.

അറിയാതെ മൊർദെക്കായി പീഠത്തിൽനിന്നു ചരിഞ്ഞുതാഴെ വീണു. അയാൾ വെളിവുകെട്ടവനെപ്പോലെ ചുറ്റിലും നോക്കി. ഇരിക്കുന്നിടത്തുനിന്നു തണൽ നീങ്ങിപ്പോയിട്ടുണ്ട്, സൂര്യന്റെ ചൂടുള്ള രശ്മിയാണ് ശരീരത്തിൽ നേരേ ഏല്ക്കുന്നത്.

ഓ... എന്നാലും എന്തൊരു ദുസ്സ്വപ്നമാണിത്....!

താഴെവീണുപോയ മൊർദെക്കായിയെ നോക്കി ഷണ്ഡന്മാർ ചിരിച്ചു.

എന്തെങ്കിലും പേടിസ്വപ്നം കണ്ടിട്ടുണ്ടാവും പാവം.

തേരെഷ് ചിരിച്ചു.

ശരിയാ, അതാവും അയാൾ വീണുപോയത്.

ബിഗ്താനും തേരെഷിനെ അനുകൂലിച്ചു.

ക്ഷീണം മാറാത്തതിനാൽ മൊർദെക്കായി പീഠം കുറച്ചപ്പുറത്തേക്ക് തണലിൽ മാറ്റിവച്ച് വീണ്ടും വിശ്രമിക്കാൻ തുടങ്ങി. ഷണ്ഡന്മാർ പറഞ്ഞതിനോടു മറിച്ചൊന്നും പ്രതികരിച്ചുമില്ല.

അയാൾ സ്വപ്നത്തെക്കുറിച്ചു മാത്രമാണു ചിന്തിച്ചത്. ഈ സ്വപ്നത്തിലൂടെ സ്രഷ്ടാവ് തന്നോട് എന്തെങ്കിലും വെളിപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ടോ? വരാൻ പോകുന്ന സംഭവങ്ങളുടെ സൂചനയാണോ ഇത്?

ഇതെല്ലാം ചിന്തിച്ചുകൊണ്ട് മൊർദെക്കായി വീണ്ടും കണ്ണടച്ചു.

"ഇന്നാണ് ഏറ്റവും പറ്റിയ ദിവസം."

സ്വകാര്യംപോലെ ബിഗ്താന്റെ സ്വരം മൊർദെക്കായിയുടെ ചെവികളിൽ വന്നലച്ചു. അയാൾ കാതു കൂർപ്പിച്ചു.

"പതുക്കെപ്പറയടാ."

തേരെഷ് അയാളെ തടയുകയാണ്. എങ്കിൽ എന്തോ രഹസ്യമായ കാര്യമാവാനേ തരമുള്ളൂ. കണ്ണുകൾ തുറക്കാതെ മൊർദെക്കായി അവിടെയിരുന്നു.

ആ യഹൂദൻ കേൾക്കും.

വീണ്ടും മുന്നറിയിപ്പ് നൽകുകയാണ് തേരെഷ്.

അതുകേട്ട് ബിഗ്താൻ ചിരിച്ചുപോയി.

"നീ പോടാ അയാൾ വീണ്ടും ഉറങ്ങിയതുകണ്ടില്ലേ?"

ചിരി അപ്പോൾ തേരെഷിലേക്കും പകർന്നിട്ടുണ്ടാവണം.

"കഴുത."

ബിഗ്താൻ മൊർദെക്കായിയെ പരിഹസിക്കുകയാണ്.

പിന്നെ കുറച്ചുനേരത്തേക്ക് ഒരു ശബ്ദവുമില്ല.

ഒരു കുഞ്ഞിക്കാറ്റ് ഒച്ചയുണ്ടാക്കാതെ ഓടിപ്പോകുന്നത് മൊർദെക്കായി അറിഞ്ഞു. അതിനു പിന്നാലെ തേരെഷിന്റെ ഉദ്വേഗപൂർണമായ സ്വരമാണ്.

"അതെങ്ങനെ സാധിക്കും ബിഗ്താൻ?"

"ഇന്ന് പ്രധാനസചിവനും രാജാവുംമാത്രമാണ് പൂന്തോട്ടത്തിലെ വിശ്രമമന്ദിരത്തിൽ കൂടിക്കാഴ്ച നടത്തുന്നത്."

ബിഗ്താൻ രഹസ്യത്തിന്റെ മൂടി മെല്ലെ തുറക്കാൻതുടങ്ങി.

"ഇന്ന് ആ സ്ഥലത്ത് മറ്റാർക്കും പ്രവേശനമില്ല."

"പിന്നെ എങ്ങനെയാണ്?"

തേരെഷിന്റെ സംശയം ബലപ്പെട്ടു.

മൊർദെക്കായുടെ ചെവിയുടെ മൂർച്ചയും കൂടി.

ബിഗ്താൻ ശബ്ദം ഒന്നുകൂടെ താഴ്ത്തി.

"വീഞ്ഞ് വിളമ്പാൻ നമ്മളെയാണ് വിളിക്കുന്നത്."

"അതെന്താ രാജപരിവാരങ്ങളില്ലേ?"

തേരെഷിന്റെ ശങ്ക തീരുന്നില്ല.

"എന്താണെന്നറിയില്ല, ഇന്ന് കൊട്ടാരത്തിലെ വിളമ്പുകാരെ ഒഴിവാക്കിയിട്ടുണ്ട്. മഹാരാജാവും മന്ത്രിയും വളരെ രഹസ്യമായ കാര്യങ്ങൾ എന്തോ ചർച്ച ചെയ്യുകയാണ്."

ബിഗ്താന്റെ വെളിപ്പെടുത്തലിനു മറുപടിയായി തേരെഷ് മൂളിയത് പുറത്തേക്കു വന്നില്ല. അയാൾ അത്രകണ്ട് പരിഭ്രമത്തിലാണ് എന്ന് മൊർദെക്കായ് മനസ്സിലാക്കി.

പക്ഷേ, ബിഗ്താൻ കഠിനഹൃദയനാണ്. അതുകൊണ്ട് വീണ്ടും അയാൾ വിശദീകരണം തുടർന്നു:

"നീയാണ് തേരെഷ്, വീഞ്ഞ് വിളമ്പേണ്ടത്."

*ശേഷം 14-ാം പേജിൽ*

# അതിക്രമങ്ങൾ അവസാനിക്കുന്നില്ല



കെ. ആർ. മോഹൻദാസ്

നവംബർ 25 – സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരേയുള്ള അന്താരാഷ്ട്ര ദിനം.

ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ രാഷ്ട്രീയ പ്രവർത്തകരായ മൂന്ന് മിറാബൽ സഹോദരിമാരുടെ 1960 ലെ



ക്രൂരമായ കൊലപാതകത്തെ അനുസ്മരിച്ചുകൊണ്ട് യു.എൻ. നവംബർ 25 സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്രദിനമായി പ്രഖ്യാപിച്ചു. ഡൊമിനിക്കൻ സ്വേച്ഛാധിപതിയായ റാഫേൽ ട്രൂജില്ലോയ്ക്കെതിരേ, അവകാശങ്ങൾക്കായി പോരാടിയതിന്റെ പേരിൽ 1960 നവംബർ 25 നാണ് മിറാബൽ സഹോദരിമാർ ക്രൂരമായി കൊല ചെയ്യപ്പെട്ടത്. 1993 ൽ, ഐക്യരാഷ്ട്ര പൊതുസഭ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള പ്രമേയം 48/104 അംഗീകരിച്ചു,

പുരുഷാധിപത്യമാണ് സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. രാജ്യത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ക്രമാതീതമായി വർധിച്ചുവരികയാണ്. ഇന്ത്യയിലെ നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച്, രാജ്യത്ത് ഓരോ 78 മണിക്കൂറിലും ഒരു സ്ത്രീധനമരണവും, ഓരോ 59 മിനിറ്റിലും ഒരു ലൈംഗിക പീഡനവും, ഓരോ 34 മിനിറ്റിലും ഒരു ബലാത്സംഗവും, ഓരോ 12 മിനിറ്റിലും ഒരു പീഡനവും, ഓരോ മൂന്നു മിനിറ്റിലും ഒരു പീഡനവും നടക്കുന്നു. വിവാഹിതരായ സ്ത്രീകൾ ഗാർഹികപീഡനത്തിനിരയാവുന്നത് ക്രമാതീതമായി വർധിച്ചുവരികയാണ്.

പുരുഷാധിപത്യം നിലനിൽക്കുന്ന ഇന്ത്യയിൽ സ്ത്രീ അടിച്ചമർത്തപ്പെടുന്നവളും ആശ്രിതയും ദുർബലയും ചൂഷണം ചെയ്യപ്പെടുന്നവളുമാണ്. ജീവിതത്തിന്റെ സമസ്തമേഖലകളിലും ക്രൂരമായ അസമത്വം നേരിടുന്നുമുണ്ട്.

രാജ്യത്തിന്റെ തെരുവുകളിലും ഉൾഗ്രാമങ്ങളിലും നഗരങ്ങളിലും ഓരോ ദിവസവും ഇരകളാക്കപ്പെടുന്ന സ്ത്രീകളുടെ കണക്കു ഞെട്ടിക്കുന്നതാണ്. പ്രായം ഇവിടെ ഒരു ഘടകമാവുന്നതേയില്ല. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വയോജനങ്ങൾ വരെ ക്രൂരതകൾക്കിരയാകുന്നു.

സ്ത്രീകൾക്കെതിരേ അതിക്രമങ്ങളില്ലാത്ത ഒരു ലോകം സൃഷ്ടിക്കേണ്ടത് പരിഷ്കൃതസമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. നിർഭാഗ്യന്നെു പറയട്ടെ, ദൈവത്തിന്റെ സ്വന്തം നാടെന്ന് അഭിമാനിക്കുന്ന കേരളത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരേയുള്ള അതിക്രമങ്ങൾ വർധിക്കുകയാണ്. ■

**നുറുങ്ങുകഥ** — **ഉണ്ണി വാരിയത്ത്**

## പിടിവിട്ടപ്പോൾ



അരപ്പട്ടിണിക്കാരനായിരുന്നു അവൻ.

അന്യനാട്ടിൽ ചെന്ന് അവൻ അളവറ്റു സമ്പാദിച്ചു. പിന്നെ, സ്വന്തം നാട്ടിലെത്തി ആവോളം അർമാദിച്ചു. സ്വന്തക്കാരെയും ബന്ധുക്കളെയും കണ്ണിലെ കരടായി കണ്ട് അവൻ ഊതിപ്പറപ്പിച്ചു.

അവസാനം, മാറാരോഗം പിടിപെട്ടപ്പോൾ, പണത്തിന്റെ മേലുള്ള പിടിവിട്ടപ്പോൾ, മുമ്പു തള്ളിക്കളഞ്ഞവരെ ഉൾക്കൊള്ളാൻ അവൻ ആഗ്രഹിച്ചു. പക്ഷേ...

# കോപിഷ്ഠനെ സമീപിക്കുമ്പോൾ



ഫാ. ഡോ. മാത്യു കോശി

കോപം ഒരു കേവല മനുഷ്യവികാരമാണെങ്കിലും അതുമൂലം മാനസിക വ്യഥ അനുഭവിക്കുന്ന ധാരാളം മനുഷ്യർ ലോകത്തിലുണ്ട്. 'കോപം' പാപത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി അത്യധികമായ കുറ്റബോധം അനുഭവിക്കുന്ന ആളുകളുമുണ്ട്. കോപം മറ്റെല്ലാ മാനുഷികവികാരങ്ങളെയുംപോലെയുള്ള ഒന്നുതന്നെയാണെന്ന് എല്ലാവർക്കുമറിയാമെങ്കിലും അതിനെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് അതിന്റെ തീവ്രതയും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളും നിലകൊള്ളുന്നത്. കോപത്തെപ്പറ്റി തിരുവെഴുത്തുകളിൽ ധാരാളം വിവരണങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. മനുഷ്യരിൽ ഏറ്റവും സൗമ്യനെന്നു വിളിക്കപ്പെട്ടിരിക്കുന്ന മോശ കോപിച്ചതിനെപ്പറ്റി പുറപ്പാടുപുസ്തകത്തിൽ ഇങ്ങനെ വായിക്കുന്നു: മോശ പാളയത്തിനടുത്തെത്തിയപ്പോൾ കാളക്കുട്ടിയെ കണ്ടു; അവർ നൃത്തം ചെയ്യുന്നതും കണ്ടു. അപ്പോൾ മോശയുടെ കോപം ആളിക്കത്തി. അവൻ കൽപലകകൾ വലിച്ചെറിഞ്ഞ് മലയുടെ അടിവാരത്തുവച്ച് അവ തകർത്തുകളഞ്ഞു. അവൻ കാളക്കുട്ടിയെ എടുത്തു തീയിലിട്ടു ചുട്ടു; അത് ഇടിച്ചുപൊടിച്ചു പൊടി വെള്ളത്തിൽ കലക്കി ഇസ്രായേൽജനത്തെക്കൊണ്ടു കുടിപ്പിച്ചു (പുറ. 32:19, 20). യേശു കോപിക്കുകയും ദൈവാലയത്തെ അശുദ്ധമാക്കുന്ന വാണിജ്യവത്കരണത്തെ അമർച്ച ചെയ്യുകയും ചെയ്യുന്നുണ്ട്.

മനുഷ്യനു ചിലപ്പോൾ കോപം ആവശ്യമാകുന്ന സന്ദർഭങ്ങൾ ജീവിതത്തിലുണ്ടാകാം. എന്നാൽ, അതു നിയന്ത്രണവിധേയവും നന്മയിൽ വേരൂന്നിയതുമായിരിക്കണമെന്നുമാത്രം. തിന്മയോടുള്ള പോരാട്ടത്തിൽ വൈരാഗ്യബുദ്ധി പുലർത്തണമെന്ന് പൗരസ്ത്യപിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. 'മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു' എന്നാണ് വേദവാക്യത്തിന്റെ ആദ്യഭാഗം. വ്യക്തിഗതമായി കോപസ്വഭാവത്തെപ്പറ്റിയുള്ള അവലോകനം അനിവാര്യമാണെന്നതുപോലെ പ്രധാനമാണ് കോപിഷ്ഠനായ ഒരാളോടുള്ള സമീപനം എങ്ങനെയായിരിക്കണമെന്നുള്ളത്. സമൂഹബന്ധങ്ങളിലും കുടുംബജീവിതത്തിലും ഒരാൾ കോപിഷ്ഠനായിത്തീരുമ്പോൾ ആ വ്യക്തിയും ബന്ധപ്പെട്ടിരിക്കുന്ന വ്യക്തികൾ ഉൾപ്പെട്ട ജീവിതാന്തരീക്ഷവും ഒരുപോലെ അസ്വസ്ഥപൂർണവും ഉത്കണ്ഠാജനകവുമായിത്തീരുന്നു.

ഇത്തരം സാഹചര്യങ്ങളിൽ തികച്ചും ആത്മസംയമനത്തോടെയും ഉത്കണ്ഠ കൂടാതെയുമുള്ള മൃദുവായ സമീപനരീതികളായിരിക്കും ആ വ്യക്തിയെ ശാന്തനാക്കുവാൻ പര്യാപ്തമായിത്തീരുക. എന്നാൽ, ഇതിൽനിന്നു വ്യത്യസ്തമായി ചിലർ കോപിഷ്ഠനായ വ്യക്തിയെ വിരൽചൂണ്ടി അയാളെ കുറ്റപ്പെടുത്തുകയോ അയാളുടെ കോപത്തിന്റെ അതേ അളവിലോ അല്ലെങ്കിൽ അതിൽ കൂടുതലായോ അയാളോടു പ്രതികരിക്കുകയും ചെയ്താൽ പ്രസ്തുത ജീവിതാന്തരീക്ഷം തികച്ചും അനാരോഗ്യകരവും അപകടകരവുമയ അവസ്ഥയിലേക്കായിരിക്കും മുന്നോട്ടുനീങ്ങുന്നത്. മനഃശാസ്ത്രപഠനത്തിൽ ഉത്കണ്ഠാരഹിതമായ സാന്നിധ്യം എന്ന ആശയത്തിന് ഏറെ പ്രാധാന്യം കല്പിക്കപ്പെട്ടിട്ടുണ്ട്. കോപത്തിലിരിക്കുന്ന വ്യക്തിയോടോ അല്ലെങ്കിൽ കോപജന്യമായ സമൂഹത്തിലോ ഉത്തരവാദിത്വപ്പെട്ടവരുടെ അവസ്ഥ ഇത്തരത്തിലാണെങ്കിൽ അത് അവരുടെ കോപത്തെ ശമിപ്പിക്കാൻ പര്യാപ്തമായിരിക്കുമെന്നാണു മനഃശാസ്ത്രപരമായ കണ്ടെത്തൽ.



കുടുംബാംഗങ്ങൾ തമ്മിലുള്ള അന്യോന്യ ഇടപെടലുകളിലും സമൂഹത്തെ നയിക്കുന്ന നേതാക്കന്മാരിലും മറ്റ് ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നവരിലും ഉത്കണ്ഠാരഹിതവും മൃദുത്വമുള്ളതുമായ സമീപനരീതികളാണു പ്രകടമാകേണ്ടത്. കോപത്തെ നിയന്ത്രണവിധേയമാക്കാനുള്ള ധാരാളം പ്രായോഗികമായ പരിശീലനമാർഗങ്ങൾ മനഃശാസ്ത്രപഠനങ്ങളിലൂടെ ഉരുത്തിരിഞ്ഞിട്ടുണ്ട്. ഇവയെപ്പറ്റി നാം ബോധവാൻമാരാകുന്നതോടൊപ്പം 'കോപ'സ്വഭാവമുള്ള വ്യക്തികളോടുള്ള സമീപനമാർഗങ്ങൾ കൂടി സ്വായത്തമാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവവചനം നൽകുന്ന ഉൾക്കാഴ്ചകൾ പ്രായോഗികജീവിതത്തിന്റെ സരണികളിൽ അർഥപൂർണമായി ഉപയോഗപ്പെടുത്താൻ നമുക്കു ശ്രമിക്കാം. ■



'ദ ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ്' സിനിമയിൽ വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയുടെ വേഷമിട്ട വിൻസി അലോഷ്യസിന് സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രശംസാഫലകം സമ്മാനിച്ചപ്പോൾ. സിജോയ് വർഗീസ്, സാന്ദ്ര ഡിസൂസ റാണ, ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ഷെയ്സൺ പി. ഔസേപ്പ്, കൈതപ്രം ദാമോദരൻ നമ്പൂതിരി, ഫാ. ഡോ. ആന്റണി വടക്കേക്കര എന്നിവർ സമീപം.

# മൂല്യാധിഷ്ഠിതസിനിമകളെ പ്രോത്സാഹിപ്പിക്കണം

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

### 'ദ ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ്' നവംബർ 17 ന് തിയേറ്ററുകളിലേക്ക്

കൊച്ചി: ഉത്തരേന്ത്യയിൽ രക്തസാക്ഷിത്വം വരിച്ച മലയാളി സന്ന്യാസിനി വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയുടെ ജീവിതവും സാമൂഹികക്ഷേമപ്രവർത്തനങ്ങളും രക്തസാക്ഷിത്വവും ഇതിവൃത്തമാക്കിയ 'ദ ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ്' സിനിമ അതുല്യമായ ചലച്ചിത്രമാണെന്ന് സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി.

സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സിനിമയുടെ അഭിനേതാക്കളെയും അണിയറപ്രവർത്തകരെയും ആദരിക്കാൻ സംഘടിപ്പിച്ച സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു മാർ ജോർജ് ആലഞ്ചേരി. 'ദ ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലസ്' എന്ന സിനിമയുടെ ആവിഷ്കാരം സാമൂഹികതിന്മകൾക്കെതിരേയുള്ള ഒരു പോരാട്ടമാണ്. ക്രിസ്തുനാഥന്റെ ത്യാഗസന്ദേശം ലോകമെമ്പാടും എത്തിക്കാൻ ഈ സിനിമ ഉപകരിക്കുമെന്നും കർദിനാൾ ചൂണ്ടിക്കാട്ടി.

സിനിമയുടെ അണിയറയിൽ പ്രവർത്തിച്ച 36 പേർക്ക് കർദിനാൾ പ്രശംസാഫലകങ്ങൾ സമ്മാനിച്ചു. നടൻ സിജോയ് വർഗീസ് സിനിമാ ആസ്വാദനം അവതരിപ്പിച്ചു. ഇന്നത്തെ സാമൂഹികരാഷ്ട്രീയ പശ്ചാത്തലത്തിൽ മികവുറ്റതും കലാമൂല്യമുള്ളതുമായ സിനിമയാണ് ഇതെന്ന് സിജോയ് വർഗീസ് അഭിപ്രായപ്പെട്ടു. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, സഭ പി.ആർ.ഒ. ഫാ. ഡോ. ആന്റണി വടക്കേക്കര, സിസ്റ്റർ റാണി മരിയയുടെ വേഷമിട്ട വിൻസി അലോഷ്യസ്, സംവിധായകൻ ഷെയ്സൺ പി. ഔസേപ്പ്, നിർമാതാവ് സാന്ദ്ര ഡിസൂസ റാണ, ഗാനരചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ രഞ്ജൻ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

ചാലക്കുടി സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥിനികൾ പ്രാർഥനാനൃത്തം അവതരിപ്പിച്ചു.




11-ാം പേജ് തുടർച്ച

"ഇതൊക്കെ അറിഞ്ഞുകൊണ്ട് വിളമ്പുമ്പോൾ കൈവിറയ്ക്കും, മഹാരാജാവല്ലേ മുന്നിൽ?"

തേരെഷ് തന്റെ നിസ്സഹായത വ്യക്തമാക്കി.

"പോടാ; പേടിത്തൊണ്ടാ, അതൊക്കെ ശ്രദ്ധിച്ചേ ചെയ്യാവൂ. ആര് രാജാവായാലെന്താ, നമ്മൾ എന്നും അടിമകളല്ലേ?"

ബിഗ്താൻ ന്യായീകരണത്തിന്റെ തത്ത്വശാസ്ത്രം വിളമ്പുകയാണ്.

"അതുകൊണ്ട് ഓരോ നിമിഷവും വളരെ ശ്രദ്ധിച്ചേ മുന്നേറാവൂ. ഒരു സംശയവും ഉണ്ടാവരുത്."

അവന്റെ മുന്നറിയിപ്പ് തേരെഷിന്റെ ഹൃദയത്തിൽ തറഞ്ഞു. അവൻ മൂളുകയും തലയാട്ടുകയും ചെയ്തിട്ടുണ്ടാവണം.

"ഞാൻ അരയിൽ ഒരു കഠാര കരുതിയിരിക്കും. മഹാരാജാവ് കുടിച്ചുമത്തനാവുംവരെ നമുക്കു കാത്തുനില്ക്കണം. അതിനാണ് നിന്റെ സഹായം വേണ്ടത്. പിന്നത്തെക്കാര്യം ഞാനേറ്റു."

ബിഗ്താൻ പൊട്ടിച്ചിരിച്ചു.

"ജീവൻ പണയംവച്ചുള്ള കളിയാണ്.

തേരെഷിന്റെ വിറയാർന്ന ശബ്ദം."

എവിടെയെങ്കിലും ലേശമൊന്നു പിഴച്ചാൽ മതി. എല്ലാം തകിടംമറിയും.

"ഇല്ലടാ, നീ ധൈര്യമായിരിക്ക്. ഇനിമുതൽ പേർഷ്യൻകൊട്ടാരത്തിലെ പ്രധാനികൾ നമ്മളായിരിക്കും."

ബിഗ്താൻ അതു പറഞ്ഞു തീർന്നതേയുള്ളു. മൊർദെക്കായി വീണ്ടും പീഠത്തിൽനിന്ന് മറിഞ്ഞു വീണു.

ഷണ്ഡന്മാർ രണ്ടുപേരും അതുകണ്ട് പരിഹസിച്ചു ചിരിച്ചു.

"വയസനതാ വീണ്ടും ഉറങ്ങി വീണു."

ജാള്യത്തോടെ മൊർദെക്കായി വീണിടത്തുനിന്ന് എഴുന്നേറ്റു. അവരെ ശ്രദ്ധിക്കാതെ മുറ്റത്തേക്കിറങ്ങിനടന്നു.

അയാളുടെ മനസ്സ് അസ്വസ്ഥമാണ്. രഹസ്യം താനറിഞ്ഞുവെന്നു നടിച്ചാൽ അതാപത്താണ്. അറിഞ്ഞിട്ടും തടയാതിരിക്കുന്നത് ഭീരുത്വവും. ഒരിക്കലും ഒരു യഹൂദൻ ഭീരുവായിക്കൂടാ. ഭീരുത്വം കൊണ്ട് ആപത്തുകളാണ് വന്നുചേരുന്നത്.

മഹാരാജാവിന്റെ കാരുണ്യമാണ് യുദ്ധത്തടവുകാരനായ തന്നെ ഇവിടംവരെ എത്തിച്ചത്. ആശ്രയം നല്കിയവന് ആപത്തുണ്ടാകുമ്പോൾ ഭീരുത്വത്തിന്റെ മടയിൽ തലപൂഴ്ത്തുന്നവൻ സുഹൃത്തല്ല, രാജ്യസ്നേഹിയുമല്ല.

പക്ഷേ...!

എങ്ങനെയാണ് ഈ വഞ്ചനയെക്കുറിച്ച് രാജസവിധത്തിൽ ഉണർത്തിക്കാൻ സാധിക്കുക! ചെകുത്താനും കടലിനും ഇടയിൽപ്പെട്ടതുപോലെ അയാൾ വേവലാതിപൂണ്ടു.

പുറത്ത് മുറ്റത്ത് മൂലയിൽ വച്ചിരിക്കുന്ന ജലഭരണിയുടെ അടുത്തേക്കു നടന്നു. ഷണ്ഡന്മാർ മൊർദെക്കായിയെ ശ്രദ്ധിക്കുന്നുണ്ട്. അയാളുടെ പെരുമാറ്റത്തിൽ എന്തെങ്കിലും മാറ്റമുണ്ടോ?

ഇല്ല, സാധാരണ ചെയ്യുംപോലെ ഭരണിയിലെ ജലമെടുത്ത് മുഖവും കൈയും കാലും കഴുകുകയാണ്. ഉറക്കക്ഷീണത്തെ ഒഴിവാക്കുകയാണ്.

അയാൾ വീണ്ടും തിരികെ വന്നു. പീഠത്തിൽ ഇരുന്നു ഷണ്ഡന്മാരെ നോക്കിച്ചിരിച്ചു.

"ഇന്ന് കൂടുതൽ ഉറങ്ങിപ്പോയി. എന്താ വെയിലിന്റെ ഒരു ചൂട്."

മൊർദെക്കായി അവരോട് കുശലംചൊല്ലി.

ഷണ്ഡന്മാർക്കും സംശയമെല്ലാം തീർന്നു.

അവർ അയാളെ നോക്കി മറുപടിപറഞ്ഞു:

"ഇപ്രാവശ്യം ചൂടല്പം കൂടുതലാ."

മൊർദെക്കായി പീഠത്തിൽ ഇരുന്നുചിന്തിച്ചു. ഇരുന്നിട്ട് ഇരിപ്പുറയ്ക്കുന്നില്ല. ആർക്കും ഒരു സംശയവും കൂടാതെ മഹാരാജാവിന്റെ മുന്നിൽ എങ്ങനെ എത്തിച്ചേരും?

എങ്ങനെയാണ് അതിനൊരു അവസരം കൈവരുക?

അയാൾ മനസ്സിൽ വിറളിപൂണ്ടു.

അപ്പോഴാണ് അന്തഃപുരഷണ്ഡനായ ഷാസ്ഗസ് അവരെ വിളിക്കുവാനെത്തിയത്.

പ്രധാന സചിവൻ നിങ്ങളെ കാത്തിരിക്കുന്നു. വേഗം എത്തിച്ചേരുക.

ബിഗ്താനും തേരെഷും തിടുക്കത്തിൽ ഹാമാന്റെ സവിധത്തിലേക്കു പോയി. അവർ ഹൃദയത്തിൽ തുള്ളിച്ചാടുകയാണെന്ന് ആ പോക്കുകണ്ടാൽ അറിയാം.

ഇതൊരു അത്യപൂർവമായ സുവർണ്ണാവസരമാണ്. സമയം കളയാതെ മൊർദെക്കായി എഴുന്നേറ്റു.

(തുടരും)

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# വലിയമ്മ

വാക്കുകളുടെ പൂർവരൂപം കണ്ടെത്തുന്നതിനു ക്ഷമയും ഉൾക്കാഴ്ചയും ആവശ്യമുണ്ട്. പദച്ഛേദം സൂക്ഷ്മമല്ലെങ്കിൽ അനാവശ്യമായ വാദമുഖങ്ങൾ ഉണ്ടാകാം. നിഘണ്ടുകാരന്മാർ ഇക്കാര്യങ്ങളിൽ ചിലപ്പോഴെങ്കിലും കുറ്റകരമായ ഉദാസീനത പുലർത്തിക്കാണുന്നു. വലിയമ്മ, ചെറിയമ്മ എന്നീ സമസ്തപദങ്ങളെ വലിയ + അമ്മ; ചെറിയ + അമ്മ എന്നിങ്ങനെയാണു പിരിച്ചെഴുതേണ്ടത്. വലി, ചെറി എന്നിവ, ഇവിടെ അമ്മയ്ക്കു വിശേഷണരൂപങ്ങളായി ചേരുകയില്ല. സ്വരസന്ധിയിൽ ആഗമത്തിലും ലോപത്തിനും ഒന്നുപോലെ പ്രാധാന്യമുണ്ട്. വലിയ + അമ്മ = വലിയമ്മ; ചെറിയ + അമ്മ = ചെറിയമ്മ. സന്ധിയിൽ അകാരം ലോപിക്കുന്നു എന്നു വ്യക്തം.

വലിയമ്മയെ ചിലർ 'വല്യമ്മ' എന്നാക്കാറുണ്ട്. വലിയ എന്നതിന്റെ പാഠഭേദംമാത്രമാണത്. അതിനെ ദുഷിച്ച രൂപമായി കണക്കാക്കണമെന്നാണ് ശബ്ദതാരാവലികാരന്റെ പക്ഷം.* അമ്മയുടെ ജ്യേഷ്ഠത്തി വലിയമ്മയും (പേരമ്മ) അമ്മയുടെ അനുജത്തി ചെറിയമ്മയും (ചിറ്റമ്മ) ആകും. ജാതീയവും പ്രാദേശികവുമായ ഭേദങ്ങൾ അർഥവ്യത്യാസങ്ങൾ സൃഷ്ടിച്ചേക്കാം!

ഇതേ നയം അനുവർത്തിക്കുന്ന രണ്ടു പദങ്ങളാണ് അരയന്നവും അരയാലും. അരയ + അന്നം = അരയന്നം; അരയ + ആൽ = അരയാൽ. രണ്ടിടത്തും അരയ എന്ന വിശേഷണപദം പ്രസിദ്ധമായിരിക്കേ 'അര' എന്നു പൂർവപദത്തെ പിരിക്കുന്നതിൽ യുക്തിയില്ല. അരച അന്നവും (രാജഹംസം) അരച ആലു (രാജവൃക്ഷം)മാണല്ലോ അരയന്നവും അരയാലും ആയിത്തീരുന്നത്. പദങ്ങൾക്കുള്ളിൽ ച - യ വിനിമയം സംഭവിച്ചപ്പോൾ അരച - അരയ എന്ന വർണപരിണാമത്തിനു വിധേയമായി.

നിസ്സാരപദങ്ങളുടെ നിഷ്പത്തിയിൽപ്പോലും പല സങ്കീർണതകളും ഉള്ളടങ്ങുന്നു. ഭാഷയുടെ അപാരതയാണ് ഈ അസമ്പൂർണതയ്ക്കു ഹേതു. അക്കാരണത്താൽ നിഘണ്ടുകർത്താക്കളുടെ അസമർഥതയെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല എന്നു തോന്നുന്നു!

*പത്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം, ശബ്ദതാരാവലി, എൻ.ബി.എസ്. കോട്ടയം, 1986, പുറം – 1533.

കവിത — കാഞ്ചിയാർ മോഹൻ

# പെണ്ണ്



പെണ്ണേ, നിന്നെ ഞാൻ സർവസ്വതന്ത്രയാക്കുന്നു
ആവോളം നീയീ കൂട്ടിൽ നീണാൾ വാണുകൊൾക

പെണ്ണേ, നീ വാക്കുകൾകൊണ്ടു കൂരമ്പെറിയുക
നാക്കിൽ ഞാനൊരാണി തറച്ചുകൊള്ളുന്നു

പെണ്ണേ, രാജ്യം മുഴുവൻ നീ പറന്നുകൊൾക
ഒരു ചിറകുമാത്രമല്ലേ ഞാൻ മുറിച്ചതുള്ളൂ?

പെണ്ണേ, നീ പേറ്റുനോവിൻ മധുരം നുള്ളുക
ഒറ്റ ബലാൽക്കാരമല്ലേ ഞാൻ ചെയ്തതുള്ളൂ?

പെണ്ണേ, നീയെൻ ഹൃദയം കവർന്നുകൊൾക
നിന്റെ ഹൃദയം എന്റെ ഹൃദയത്തിനുള്ളിലല്ലേ?

പെണ്ണേ, നീയിനിയും സതിയനുഷ്ഠിക്കുക
പുതിയ കാലവും വാക്കും നിനക്കില്ലെന്നതോർക്കുക

പെണ്ണേ, നീയാണിന്നും നീതിദേവത
നിന്നെ കണ്ണുകെട്ടിയിരുട്ടാക്കിയത്
എന്റെ നിയമപുസ്തകം കാണാതിരിക്കാനത്രേ!

പെണ്ണേ, പൊന്നാണെന്നും നീ ഞങ്ങൾക്ക്
കണ്ണു ഞാൻ തുരന്നത് എന്നെ നീ കാണാതിരിക്കാൻ

പെണ്ണേ, നിനക്കു നേർവഴി, വളഞ്ഞവഴിയത്രയും
പുരുഷന്
നിനക്കുള്ള നിയമമെല്ലാം ചിതലെടുത്തെന്നു
നീയറിയുക

പെണ്ണേ, എന്റെ നേർക്കാരോ വിരൽ ചൂണ്ടിപ്പറയുന്നു:
പേനയെടുക്കടോ, പെണ്ണിനായ്, പുതിയ നിയമം
ചമയ്ക്കടോ കവീ!




# മരണം കാത്തിരിക്കുന്ന കഥാപാത്രങ്ങൾ

എല്ലാവർക്കും മരണം ഉണ്ട് എന്നതാണ് മരണത്തെ ജനകീയമാക്കുന്നത്. മരണത്തിനുമുമ്പിൽ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ബാലനെന്നോ വൃദ്ധനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ ഭേദമില്ല. ഒരുനാൾ മരിക്കും എന്നതുമാത്രമാണ് നമുക്കു സുനിശ്ചിതമായി പറയാൻ കഴിയുന്ന കാര്യം. പക്ഷേ, എപ്പോൾ മരിക്കുമെന്ന് അറിഞ്ഞുകൂടാത്തതാണ് ജീവിതത്തിന് അർഥം കൊടുക്കുന്നത്. ഇന്ന അസുഖം പിടിച്ച് ഇന്ന ദിവസം മരിക്കും എന്ന് അറിവു ലഭിച്ചിട്ടുണ്ടെങ്കിൽ നമ്മുടെ അവസ്ഥ എന്തായിരിക്കുമെന്നോ നാം എങ്ങനെയാണ് അതിനോടു പ്രതികരിക്കുകയെന്നോ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ജീവിതവും മരണവും ഒരേ ഫ്രെയിമിലാക്കി ജീവിച്ച ചില കഥാപാത്രങ്ങളിലൂടെ കടന്നുപോകുമ്പോൾ അതു നമുക്കു ചില തിരിച്ചറിവുകൾ നല്കുകയും മുന്നോരുക്കത്തിനു പ്രേരിപ്പിക്കുകയും ചെയ്യുമെന്നു തോന്നുന്നു.

1978 ൽ പുറത്തിറങ്ങിയ, എൻ. ശങ്കരൻനായർ സംവിധാനം ചെയ്ത മദനോത്സവം എന്ന സിനിമയാണ് മലയാളത്തിൽ മരണം കാത്തിരിക്കുന്ന ഒരു കഥാപാത്രത്തെ ആദ്യമായി അവതരിപ്പിച്ചത്. മരിച്ചുപോകുന്ന നായികാനായകന്മാരും മറ്റും അതിനുമുമ്പു മലയാളത്തിൽ വേറെയും ഉണ്ടായിരുന്നെങ്കിലും മരണം കാത്തിരിക്കുന്ന കഥാപാത്രങ്ങളെ ആവർത്തിച്ച് അവതരിപ്പിക്കാൻ മലയാളസിനിമയ്ക്കു ധൈര്യം നല്കിയത് ഈ സിനിമയായിരുന്നെന്നു നിസ്സംശയം പറയാൻ കഴിയും. കമലഹാസനും സറീനാ വഹാബുമായിരുന്നു ചിത്രത്തിലെ പ്രധാനകഥാപാത്രങ്ങളായ രാജുവിനെയും എലിസബത്തിനെയും അവതരിപ്പിച്ചത്. എറിക് സെഗളിന്റെ ലവ് സ്റ്റോറി എന്ന നോവലിനെ ആസ്പദമാക്കിയെടുത്ത ലവ് സ്റ്റോറി എന്ന സിനിമയായിരുന്നു മദനോത്സവത്തിന്റെ പ്രചോദനം. എലിസബത്തിന്റെയും രാജുവിന്റെയും പ്രണയനദിയുടെ സുഗമമായ ഒഴുക്കിനു വിഘാതം സൃഷ്ടിച്ചുകൊണ്ടായിരുന്നു എലിസബത്തിന്റെ രോഗം കടന്നുവന്നത്. രക്താർബുദമായിരുന്നു മരണകാരണം.

എലിസബത്ത് മരിച്ചുകൊണ്ടിരിക്കുന്ന രോഗിയാണെന്ന് തുടക്കത്തിൽ രാജുമാത്രമാണ് അറിയുന്നത്. പിന്നീട് അത് എലിസബത്തും അറിയുന്നു. ഒടുവിൽ, രാജുവിനെ കെട്ടിപ്പുണർന്ന് ആശുപത്രിക്കിടക്കയിൽവച്ച് എലിസബത്ത് എന്നന്നേക്കുമായി അവനോടു യാത്ര പറയുന്നു. മലയാളികൾ ഒരു മരണത്തെയോർത്ത് ഇതുപോലെ മുമ്പൊരിക്കലും തീയറ്ററുകളിലിരുന്ന് വിങ്ങിപ്പൊട്ടിക്കരഞ്ഞിട്ടില്ല. ഇവരുടെ വേർപിരിയലിന്റെ തീവ്രതയ്ക്ക് ആക്കംകൂട്ടിയവയായിരുന്നു നീ മായല്ലേ മറയല്ലേ, സന്ധ്യേ കണ്ണീരിതെന്തേ സന്ധ്യേ തുടങ്ങിയ ഗാനങ്ങളും.

മദനോത്സവം കഴിഞ്ഞ് ഒമ്പതുവർഷങ്ങൾക്കു ശേഷമാണ് ഉണ്ണികളേ ഒരു കഥ പറയാം എന്ന കമൽ ചിത്രം എത്തുന്നത്. മോഹൻലാൽ ആയിരുന്നു ചിത്രത്തിലെ നായകൻ. അനാഥബാല്യങ്ങളുടെ സംരക്ഷകനായ എബിയുടെയും കുട്ടികളുടെയും കഥയാണ് ചിത്രം പറയുന്നത്. ആനികൂടി കടന്നുവരുന്നതോടെ അവരുടെ ജീവിതത്തിൽ പുതിയ സന്തോഷങ്ങളും വർണങ്ങളും നിറയുന്നു. എന്നാൽ, ആ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും അധികം സമയദൈർഘ്യമില്ലായിരുന്നുവെന്നുമാത്രം. മദനോത്സവത്തിലെ എലിസബത്തിനെപ്പോലെ എബിയും ക്യാൻസർ രോഗിയാണ്. അവസാനംവരെ അവൻ അക്കാര്യം എല്ലാവരോടും ഒളിച്ചുവയ്ക്കുകയാണു ചെയ്തിരുന്നതും. ആട്ടുതൊട്ടിലിൽ മരിച്ചുകിടക്കുന്ന എബിയും പശ്ചാത്തലത്തിലുള്ള ഉണ്ണികളേ ഒരു കഥ പറയാം എന്ന ഗാനത്തിന്റെ വരികളുടെ ഓടക്കുഴൽ വേർഷനും അന്നത്തെ പ്രേക്ഷകരെ കുറച്ചൊന്നുമല്ല വേട്ടയാടിയത്. ഒരുപക്ഷേ, ഒരു നായകന്റെ രോഗകാരണമായ മരണത്തെപ്രതിയുള്ള പ്രേക്ഷകരുടെ ആദ്യത്തെ സങ്കടവും ഉണ്ണികളേ ഒരു കഥ പറയാം എന്ന ചിത്രം ആയിരിക്കാം.

എന്നാൽ, അക്ഷരാർഥത്തിൽ തീയറ്ററിനെ സങ്കടക്കടലാക്കിമാറ്റിയത് മേല്പറഞ്ഞ രണ്ടു സിനിമകളുമായിരുന്നില്ല, 1993 ൽ സിബി മലയിൽ - ഡെന്നീസ് ജോസഫ് കൂട്ടുകെട്ടിൽ പുറത്തിറങ്ങിയ ആകാശദൂത് എന്ന സിനിമയായിരുന്നു. വിൽ ലവ് മൈ ചിൽഡ്രൻ എന്ന അമേരിക്കൻചിത്രത്തിൽനിന്നു പ്രചോദനം സ്വീകരിച്ചാണ് ഡെന്നീസ് ജോസഫ് ചിത്രമൊരുക്കിയത്. ലുക്കീമിയരോഗിണിയും വിധവയുമായ ആനിയുടെയും മക്കളുടെയും കഥയാണു ചിത്രം പറഞ്ഞത്. അപകടത്തിൽപ്പെട്ട മകനു രക്തം ആവശ്യമായിവരുമ്പോൾ ആനി രക്തദാതാവാകുന്നതിലൂടെയാണ് അവളുടെ രക്തത്തിൽ അർബുദരോഗത്തിന്റെ ലക്ഷണങ്ങളുള്ളതായി കണ്ടെത്തുന്നത്. ഏറിയാൽ ഒരു വർഷംമാത്രം ആയുസ്സുള്ള ജീവിതം. മരണത്തിനുവേണ്ടിയുള്ള ആനിയുടെ കാത്തിരിപ്പിനുപുറമേ മക്കളെ സുരക്ഷിതമായ കൈകളിൽ ഏല്പിക്കാനുള്ള അവളുടെ പരിശ്രമംകൂടിയാണു ചിത്രത്തെ കണ്ണീരിൽ നിറച്ചത്. മരണം കാത്തിരിക്കുന്ന ആനിയുടെ വേദനകളും സങ്കടങ്ങളും ആകാശദൂത് എന്ന സിനിമ കണ്ടിട്ടുള്ള ഒരാളും ഒരിക്കലും വിസ്മരിക്കുകയില്ല.



രോഗിയായിക്കഴിയവേ ജീവിതം തിരിച്ചുപിടിക്കാൻ ശ്രമിച്ചു. കാരണം, തനിക്കു സ്നേഹിക്കാനും തന്നെ സ്നേഹിക്കാനും ആരൊക്കെയോ ഉണ്ടെന്ന വിശ്വാസമുണ്ടായിരുന്നു അയാൾക്ക്. പക്ഷേ, ജീവിതം തിരിച്ചുപിടിച്ചപ്പോഴേക്കും അയാളെ ആർക്കും വേണ്ടാതായി. ഒടുവിൽ, നീട്ടിക്കിട്ടിയ ജീവിതത്തിൽനിന്നു സ്വയം എക്സിറ്റടിച്ച് അയാൾ പുറത്താകുന്നു. മുൻകൂട്ടി അറിയിപ്പുകിട്ടി കടന്നുവരുന്ന മരണത്തെ വളരെ സ്വാഭാവികതയോടും യാഥാർഥ്യബോധത്തോടുംകൂടി അവതരിപ്പിച്ച സിനിമയായിരുന്നു എംടി - ഹരികുമാർ ടീമിന്റെ സുകൃതം. 1994 ലാണ് ചിത്രം റിലീസ് ചെയ്തത്. പത്രപ്രവർത്തകനായ രവിശങ്കറിന്റെ ജീവിതമാണ് സിനിമയുടെ പ്രതിപാദ്യം. അയാൾ കാൻസർ രോഗിയാണെന്നു വ്യക്തമാകുന്നതോടെയാണ് ചിത്രം ആരംഭിക്കുന്നത്. മരണം സുനിശ്ചിതമായിക്കഴിഞ്ഞ ഏതൊരാളും നിർവഹിക്കേണ്ട ചില ഉത്തരവാദിത്വങ്ങൾ അയാൾക്കുമുണ്ട്. ഭാര്യയെ, ഒരിക്കൽ അവളെ ഏറെ സ്നേഹിച്ചിരുന്ന തന്റെ മുൻശിഷ്യനെ ഏല്പിച്ചുകൊടുത്തതോടെ അയാൾക്കു താൻ പാതി കടമ നിർവഹിച്ചുവെന്ന ആശ്വാസമായി. ജനിച്ചുവളർന്ന നാട്ടിലേക്കും വീട്ടിലേക്കും അവിടത്തെ ചില സ്നേഹങ്ങളിലേക്കും അയാൾ തിരിച്ചുനടക്കുന്നു. ആ സ്നേഹങ്ങളാണ് അയാളെ ജീവിതത്തിലേക്കു തിരികെ വരാൻ പ്രേരിപ്പിക്കുന്നതുതന്നെ. പക്ഷേ, തിരിച്ചുവന്നപ്പോഴേക്കും അയാൾക്കു പലതും നഷ്ടമായിക്കഴിഞ്ഞിരുന്നു. മരണം കാത്തിരിക്കുന്ന രോഗിയോടു സമൂഹത്തിനും ബന്ധുക്കൾക്കും ഉള്ളതു സഹതാപംമാത്രമാണെന്നും അയാളൊരു ബാധ്യതയാണെന്നുംകൂടിയുള്ള തിരിച്ചറിവുകൾ രവിശങ്കറിനുണ്ട്. മനുഷ്യരാൽ ആർക്കും വേണ്ടാതാകുന്ന അവസ്ഥയിൽ മരണംമാത്രമാണ് ഏകപോംവഴിയെന്ന നിഷേധാത്മകസമീപനത്തിൽ അയാൾ എത്തിച്ചേരുന്നതോടെയാണു ചിത്രം അവസാനിക്കുന്നത്. ഓരോ രോഗിക്കും താദാത്മ്യം പ്രാപിക്കാൻ കഴിയുന്ന നിസ്സഹായാവസ്ഥയായിരുന്നു രവിശങ്കറിന്റേത്.

ലൂക്കീമിയ രോഗിയാണെന്ന് അറിയാമായിരുന്നിട്ടും അതൊന്നും പുറമേ അറിയിക്കാതെ ജീവിതത്തെ നർമരസികതയോടെ സമീപിക്കുന്ന ജെയിംസിന്റെ കഥയായിരുന്നു വെൽക്കം ടു കൊടൈക്കനാൽ എന്ന അനിൽബാബു ചിത്രം പറഞ്ഞത്. ജഗദീഷായിരുന്നു ഈ കഥാപാത്രത്തെ അവതരിപ്പിച്ചത്. ഇതേ ഗണത്തിൽ പെടുത്താവുന്ന ഒരു കഥാപാത്രമാണ് ഫാസിലിന്റെ നോക്കെത്താദൂരത്തു കണ്ണുംനട്ട് എന്ന സിനിമയിലെ ഗേളി. ബോംബെയിൽനിന്ന് കേരളത്തിലെത്തുന്ന ഗേളിയുടെ ഉള്ളിൽ അവൾക്കുമാത്രമറിയാവുന്ന ചില രഹസ്യങ്ങളുണ്ടായിരുന്നു. അതിലൊന്നായിരുന്നു താൻ ഇനി അധികകാലം ജീവിച്ചിരിക്കുകയില്ലെന്നത്. എന്നിട്ടും ജീവിതം അവൾക്കു വെറുമൊരു നേരമ്പോക്കായിരുന്നു. ഉള്ളിൽ കരഞ്ഞുകൊണ്ടും പുറമേ ചിരിച്ചുകൊണ്ടും അവൾ ജീവിതത്തെയും മരണത്തെയും ഒന്നുപോലെ നേരിട്ടു.

മരണത്തിനുപോലും പ്രണയത്തെ തോല്പിക്കാനാവില്ലെന്ന് ഉത്തമഗീതത്തിൽ പറയുന്നുണ്ട്. മരണം തൊട്ടരികത്തുള്ളപ്പോഴും പരസ്പരം പ്രണയിക്കുന്നതിനു രോഗമോ മരണമോ തടസ്സമല്ലെന്നു വ്യക്തമാക്കിയ ഒരു സിനിമയുണ്ട്. ദേശാടനംപോലെയുള്ള സിനിമകളിലൂടെ ശ്രദ്ധേയനായ ജയരാജിന്റെ, ഒട്ടും ശ്രദ്ധിക്കപ്പെടാതെപോയ ചിത്രം. ബായ്ക്ക് പാക്കേഴ്സ് എന്നാണു പേര്. ഒടിടി റിലീസായെത്തിയ ചിത്രത്തിൽ കാളിദാസ് ജയറാമായിരുന്നു നായകൻ. രണ്ടു കാൻസർ രോഗികൾ പ്രണയത്തിലാവുന്നതായിരുന്നു ഈ സിനിമയുടെ കഥ. മരണത്തിനുമുമ്പുള്ള ഇടവേളയിൽ കണ്ടുമുട്ടി ജീവിതത്തിന്റെ സന്തോഷങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്ന ഖലീലിന്റെയും ദയയുടെയും കഥയായിരുന്നു ബാക്ക് പായ്ക്കേഴ്സ് പറഞ്ഞത്.

പെട്ടെന്നുള്ള മരണങ്ങൾ എല്ലാവർക്കും വേദനയും നടുക്കവും സൃഷ്ടിക്കും. എന്നാൽ, മാറാരോഗം പിടിപെട്ടു ജീവിതത്തിലേക്കു മടക്കവും മരണത്തിന്റെ പെട്ടെന്നുള്ള കടന്നുവരവും ഇല്ലാതെ അനിശ്ചിതത്വത്തിൽ കഴിയുന്ന അവസ്ഥ വളരെ ദയനീയമാണ്; രോഗിക്കും അവരെ പരിചരിക്കുന്നവർക്കും. സിനിമകളിൽ ഉള്ളതുപോലെ കാല്പനികതലമൊന്നും നിത്യജീവിതത്തിൽ അതിനുണ്ടായിരിക്കുകയുമില്ല. അതുകൊണ്ടുതന്നെ രോഗികൾ മരിച്ചുപോയിരുന്നെങ്കിലെന്നു മനസ്സിലെങ്കിലും പ്രാർഥിച്ചുപോവുകയും ചെയ്യും.

ദീർഘായുസ്സിനെ ദൈവത്തിന്റെ പ്രത്യേകദാനമായിട്ടാണു ബൈബിൾ കാണുന്നതെങ്കിലും ദീർഘകാലം നാം ജീവിച്ചിരുന്നാലും അതിനനുസരിച്ചു നന്മ ചെയ്യുന്നില്ലെങ്കിൽ അതുകൊണ്ടു പ്രയോജനമൊന്നും ഇല്ലെന്ന ആശയം 'ക്രിസ്ത്വാനുകരണം' അവതരിപ്പിക്കുന്നുണ്ട്. ദീർഘകാലം ജീവിച്ചിരിക്കുമ്പോൾ കൂടുതൽ പാപങ്ങൾ ചെയ്യാനാണു സാധ്യതയും. അതുകൊണ്ട്, ദീർഘായുസ്സു ലഭിച്ചാൽ ദീർഘകാലനന്മകൾ ചെയ്യാൻകൂടി നാം തയ്യാറായിരിക്കണം. ഏതു നിമിഷവും മരണം നമ്മെ സമീപിച്ചേക്കാം. 'ഒരുക്കമുള്ളവരായിരിക്കുവിൻ' എന്നു ബൈബിൾ പറയുന്നതിന്റെ ഗൗരവം ഇത്തരമൊരു സാഹചര്യത്തിലാണു കാണേണ്ടത്.

കർത്താവേ, എന്റെ ആയുസ്സിന്റെ ദൈർഘ്യമെന്തെന്ന് എന്നെ പഠിപ്പിക്കണമേയെന്നു സങ്കീർത്തനകാരനെപ്പോലെ നമുക്കും പ്രാർഥിക്കാം.

■

Deepanalam Weekly
RNI No : 16998/68
Vol. 56 No. 37 Date of Publication 16 Nov 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org